# മഴത്തുള്ളികൾ

സ്റ്റാൻഡേർഡ്

## 2

**അധ്യാപക സഹായി**

Since 1998

IDEAL ASSOCIATION FOR MINORITY EDUCATION (IAME)
ISO 9001-2008 Certified

**Published by:**

IDEAL ASSOCIATION FOR MINORITY EDUCATION (IAME)
ISO 9001-2008 Certified

Markaz Complex Annex, IInd Floor, Mavoor Road, Kozhikode-4, Kerala, India
Tel: +91 495 2723208, E-mail: info@iameonline.com
www.iameonline.com
ISO 9001-2008 Certified

**MAZHATHULLIKAL**
Std: 2
First Edition : JUNE 2018
Free copy for teachers

All rights reseved, IAME

# ഉള്ളടക്കം


| | | |
|---|---|---|
| 1 | എന്റെ നാട് | 2 |
| 2 | പുതുമഴ | 5 |
| 3 | ചീവീടും ഉറുമ്പും | 8 |
| 4 | കുട്ടിയും പ്രാവും | 10 |
| 5 | ആഹാരം ആരോഗ്യം | 12 |
| 6 | ഓണം വന്നേ | 15 |
| 7 | വീരൻ കുഞ്ചു | 17 |
| 8 | വിദ്യാലയം | 19 |
| 9 | സനയുടെ ഡയറി | 22 |
| 10 | മഴവില്ല് | 25 |
| 11 | കൂണിനടിയിൽ | 28 |
| 12 | കുട്ടികളുടെ ചാച്ചാജി | 31 |
| 13 | കിളി പാടും മരം | 34 |
| 14 | കരയുന്ന കുഞ്ഞുങ്ങൾ | 36 |
| 15 | എന്റെ കഥ | 39 |

# ആമുഖം

തന്റെ ചുറ്റുപാടുകളെക്കുറിച്ച് പരിമിതമെങ്കിലും സുവ്യക്തമായ ധാരണയോടെയാണ് കുട്ടി സ്കൂളിലെത്തുന്നത്. അനുഭവങ്ങളിൽ ഊന്നിക്കൊണ്ട് ലേഖനം ഉൾപ്പെടുത്തിയുള്ള ഭാഷാവ്യവഹാര രൂപങ്ങളാണ് ഒന്നാം ക്ലാസിൽ കുട്ടി പരിചയപ്പെട്ടത്. ഒരേ ആശയം തന്നെ ഗ്രഹിച്ചെടുക്കുന്നതിന് കുട്ടികൾ വ്യത്യസ്ത സമയമാണ് എടുക്കുക. അതുകൊണ്ടുതന്നെ ഒന്നാം ക്ലാസിലെ പഠനാനുഭവങ്ങളിലൂടെ കടന്നുപോയതുകൊണ്ട് മുഴുവൻ കുട്ടികളും നിർദ്ദിഷ്ടശേഷികൾ പൂർണമായും നേടണമെന്നില്ല. അത്തരക്കാർക്ക് അത് നേടുവാനും നേടിയവർക്ക് ഉന്നത നിലവാരത്തിലേക്കുയരുവാനും രണ്ടാം ക്ലാസ്സിൽ അവസരമുണ്ടാകണം.

### വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടാണ് എല്ലാ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ പ്രക്രിയകൾ നടന്നുവരുന്നത്. സൈദ്ധാന്തികവും ദാർശനികവും ചരിത്രപരവുമായ സമീപനങ്ങൾ ദേശീയ പാഠ്യ പദ്ധതിയിൽ നിഷ്കർഷിക്കുന്നുണ്ട്. അറിവു നിർമ്മാണ പ്രക്രിയയിൽ കൂടിയുള്ള പഠനം, അന്വേഷണാത്മകപഠനം എന്നിവ ക്ലാസ്മുറിക്ക് പുറത്തും പഠനസാധ്യത നൽകുന്നു. പഠന നിലവാരം ഉയർത്തുന്നതിന് അധ്യാപകരുടെ കൂട്ടായ്മയും കൃത്യമായ ആസൂത്രണവും അനിവാര്യമാണ്. കുട്ടിയുടെ പ്രകൃതം ഉൾക്കൊണ്ടുകൊണ്ട് അവന്റെ സാമൂഹികവും ഭൗതികവുമായ സാഹചര്യം തിരിച്ചറിഞ്ഞ് അവനിൽ അന്തർലീനമായിരിക്കുന്ന നൈസർഗിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഒപ്പം നല്ല മനോഭാവം, മൂല്യങ്ങൾ എന്നിവ വളർത്തിയെടുക്കേണ്ടതും വിദ്യാഭ്യാസ ലക്ഷ്യത്തിൽപ്പെടുന്നു.

### ഭാഷാ പഠനത്തിന്റെ പ്രസക്തി

ആശയ വിനിമയ ഉപാധിയാണ് ഭാഷ എന്ന് പൊതുവായി പറയാറുണ്ട്. എന്നാൽ കേവല ആശയവിനിമയ ഉപാധി എന്നതിലപ്പുറം ഒരു ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനം കൂടിയാണ് ഭാഷ. ഭാഷ ഉൽപ്പാദിപ്പിക്കാനും പ്രയോഗിക്കുവാനുമുള്ള കുട്ടിയുടെ കഴിവുകളും നൈപുണികളും പ്രയോജനപ്പെടുത്തുകയും, അതിലൂടെ സർഗാത്മകപ്രകടനം നടത്തുവാൻ പ്രാപ്തനാക്കുകയും ചെയ്യുന്ന പ്രക്രിയ ഭാഷാ പഠനത്തിലൂടെ നടക്കണം. ഭാഷ ആർജിക്കുന്ന ആദ്യഘട്ടത്തിൽ കുട്ടിയിൽ ശക്തമായി രൂപപ്പെടുന്നത് മാതൃഭാഷയാണ്. മാതൃഭാഷയിലൂടെ മാത്രമേ ഈ അവസരത്തിൽ കുട്ടിയുടെ ചിന്തയിൽ രൂപം കൊള്ളുന്ന ആശയങ്ങൾ പ്രകടിപ്പിക്കുവാൻ സാധ്യമാകൂ. അതിനാൽ സ്കൂൾ വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനം വളരെ വലുതാണ്.

### ഭാഷയും ചിന്തയും

ഭാഷ ആർജിക്കൽ എന്നത് ഒരു ബയോളജിക്കിൽ പ്രോസസ് (ജീവശാസ്ത്രപരമായ പ്രക്രിയ) ആണ്. കുട്ടിയിൽ അന്തർലീനമായിരിക്കുന്ന ഈ ഭാഷാ ഘടകത്തിന്റെ വികാസം എന്ന നിലയിൽ ആണ് ഭാഷാ പഠനത്തെ കാണേണ്ടത്. ഭാഷയും ചിന്തയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ചിന്തയെ ഉണർത്തുന്നതിനുള്ള അനുഭവങ്ങളാണ് ക്ലാസിൽ നൽകേണ്ടത്. ആഖ്യാനങ്ങളുടെ ഭാഗമായി ചിന്തയെ ഉണർത്തുന്ന വാങ്മയ ചിത്രങ്ങൾ കുട്ടിയുടെ മനസ്സിൽ രൂപപ്പെടുന്ന പ്രവർത്തനങ്ങൾ കണ്ടെത്തണം. ആശയതലവും ഭാവതലവും വൈകാരികതലവും ചിന്തയെ വികസിപ്പിക്കും. കഴിയുന്നത്ര സ്വാഭാവിക സന്ദർഭങ്ങൾ, നിത്യജീവിതവുമായി ബന്ധപ്പെടുത്തി ക്ലാസ്മുറിയിൽ സജ്ജീകരിക്കേണ്ടതുണ്ട്. ചിന്തയുടെ വളർച്ച ഭാഷയേയും, ഭാഷയുടെ വളർച്ച ചിന്തയേയും കൂടുതൽ ദൃഢമാക്കുന്നതിലൂടെ ഭാഷാപഠനം മെച്ചപ്പെട്ടതാകും. (കൂടുതൽ അറിയാൻ ഒന്നാം തരത്തിലെ അധ്യാപകസഹായിലെ ഭാഷയും ചിന്തയും എന്ന ഭാഗം റഫർ ചെയ്യുക)

**ഭാഷാ പഠന സമീപനം**

മനുഷ്യൻ ദൈനംദിന ജീവിതത്തിലെ മുഴുവൻ പ്രവർത്തനങ്ങൾക്കും ഭാഷ ഉപയോഗിക്കുന്നു. വികാര വിചാരങ്ങൾ പ്രകടിപ്പിക്കുന്നതിനും, കലാസൃഷ്ടികൾ ആസ്വദിക്കുന്നതിനും, സർഗാത്മക പ്രകടനങ്ങൾ നടത്തുന്നതിനും ഭാഷ കൂടിയേ തീരൂ. ഭാഷ കുട്ടി പഠിക്കുകയല്ല ആർജിക്കുകയാണ്. അപ്പോൾ അതിനനുസരണമായ ബോധന തന്ത്രങ്ങൾ/രീതികൾ നാം രൂപപ്പെടുത്തേണ്ടതുണ്ട്. അതിനാൽ ആദ്യമായി അറിവു നിർമ്മാണം എങ്ങനെയാണ് കുട്ടിയിൽ നടക്കുന്നതെന്ന് നോക്കാം.

**അറിവു നിർമ്മാണ പ്രക്രിയ**

ആർജിത അറിവിനെ പ്രയോജനപ്പെടുത്തിയാണ് ഒരു വ്യക്തിയിൽ അറിവിന്റെ നിർമ്മാണം നടക്കുന്നത്. മുമ്പ് നിർമ്മിച്ച അറിവിന്റെ കൂട്ടിച്ചേർക്കലോ, നവീകരണമോ ആണ് പുതിയ അറിവിലേക്ക് നയിക്കുന്നത്. സ്വന്തം അറിവിന്റെ അടിത്തറയിൽ നിന്നുകൊണ്ട് പ്രശ്നപരിഹാരത്തിനാവശ്യമായ ചിന്ത നടത്തുകയും അത് പങ്കുവെയ്ക്കുകയും കൂടുതൽ തെളിവുകൾ ശേഖരിക്കുകയും ചെയ്യുന്നതിലൂടെ അറിവു നിർമ്മാണം പൂർത്തിയാകുന്നു.

**പ്രക്രിയാ ഘട്ടങ്ങൾ**

പ്രശ്നം കുട്ടി അഭിമുഖീകരിക്കുന്നു. പ്രശ്നത്തിന്റെ പ്രസക്തി തിരിച്ചറിയുന്നു.

↓

പ്രശ്നം ഏറ്റെടുക്കുന്നു. അനുമാനങ്ങൾ രൂപീകരിക്കുന്നു. പ്രശ്നം വിശകലനം ചെയ്യുന്നു.

↓

പ്രശ്നത്തെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പങ്കുവെയ്ക്കുന്നു.

↓

വിവരങ്ങൾ ശേഖരിക്കുന്നു./ശേഖരിച്ചവ ക്രമീകരിക്കുന്നു.

↓

അപഗ്രഥനം നടത്തുന്നു. നിഗമനം രൂപീകരിക്കുന്നു.
നിഗമനങ്ങളെ ന്യായീകരിക്കുന്നു.

↓

ചിന്തയെക്കുറിച്ചുള്ള ചിന്ത, സംവാദം.

↓

കൂടുതൽ തെളിവുകൾ/ഉദാഹരണങ്ങൾ അന്വേഷിക്കൽ. പുതിയ സന്ദർഭത്തിൽ പ്രയോഗിക്കൽ.

ഏതൊരു പഠനവും നടക്കുന്നത് ഈ ഘട്ടങ്ങളിൽ കൂടിയാണ്. അറിവ് നിർമാണ പ്രക്രിയാഘട്ടങ്ങൾ ഏത് വിഷയത്തിലും സമാനമാണ്.

ചിന്തയെക്കുറിച്ചുള്ള ചിന്ത
(Metathinking)
ഞാൻ ഇങ്ങനെ ചിന്തിയ്ക്കുവാനുള്ള കാരണം എന്താണ് എന്ന് ചിന്തിക്കുക.
മറ്റുള്ളവരുടെ ചിന്തയെക്കുറിച്ച് ചിന്തിക്കുക.

**വ്യവഹാര രൂപങ്ങൾ രണ്ടാം ക്ലാസിൽ**

ആശയ പ്രകടനം നടക്കുന്നത് വ്യവഹാര രൂപങ്ങളിലൂടെയാണ്. അതുകൊണ്ട് ഭാഷാ പഠനത്തിനുള്ള അവസരം ഒരുക്കേണ്ടതും വ്യവഹാര രൂപത്തിലൂടെയാണ്. ഭാഷയുടെ ഉൽപാദനത്തിന് സഹായകമായ ശക്തമായ മുഹൂർത്തങ്ങൾ സൃഷ്ടിച്ചുകൊണ്ട് വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ ആശയ പ്രകടനത്തിനുള്ള അവസരങ്ങളാണ് രണ്ടാം ക്ലാസിൽ നൽകേണ്ടത്.

കഥ, പാട്ട്, സംഭാഷണം, ലഘുവിവരണം, കുറിപ്പ്, കത്ത്, ആത്മകഥ തുടങ്ങിയ വ്യവഹാര രൂപങ്ങൾ ആണ് രണ്ടാം ക്ലാസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ പലതും ഒന്നാം ക്ലാസിൽ കുട്ടികൾ പരിചയപ്പെ

ട്ടവയാണ്. അവയുടെ ക്രമാനുഗതമായ വളർച്ച രണ്ടാം ക്ലാസിൽ ഉണ്ടാകണം. പുതിയ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുകയും വേണം. (അറിയിപ്പ്. ഡയറി, നോട്ടീസ് തുടങ്ങിയവ)

**ആഖ്യാനം**

കഥകൾ, കേൾക്കാൻ ഏറെ ഇഷ്ടമുള്ളവരാണ് കുട്ടികൾ. അവരുടെകൂടി പങ്കാളിത്തത്തോടെ കഥയെ മുന്നോട്ടു കൊണ്ടുപോകുന്നതരത്തിലായിരിക്കണം കഥയുടെ അവതരണം. ആഖ്യാനം എന്നത് സംഭവങ്ങളെ ക്രമാനുഗതമായി പറയുക എന്നതല്ല വികാരങ്ങളും വിചാരങ്ങളും ഉള്ള കഥാപാത്രങ്ങളുടെ ജീവിതം കുട്ടിക്ക് അനുഭവവേദ്യമാക്കുകയാണ്. ചെറുപ്രായത്തിലുള്ള കുട്ടികൾക്കുവേണ്ടി തയ്യാറാക്കുന്ന ആഖ്യാനങ്ങളിൽ ഫാന്റസിയുടെ അംശം കണ്ടേന്നുവരാം.

നമ്മുടെ മനസ്സിൽ ഭാഷാനുഭവങ്ങൾ ദീർഘകാലം നിലനിൽക്കുന്നത് വൈകാരിക മനോചിത്രങ്ങൾ (Emotional Gestalts) ആയിട്ടാണ്. കുട്ടികളുടെ മനസ്സിലും ഇത്തരം മനോചിത്രങ്ങൾ സൃഷ്ടിക്കാനാണ് അധ്യാപിക ശ്രദ്ധിക്കേണ്ടത്.

**ആഖ്യാനത്തിന്റെ മെച്ചങ്ങൾ**

- കുട്ടിയുടെ താൽപര്യം വർദ്ധിക്കുന്നു
- വിവ്രജന ചിന്തയെ ഉണർത്തുന്നു (Divergent Thinking)
- ഭാഷയുടെ ഉൽപാദനം നടക്കുന്നു.
- പ്രവർത്തനങ്ങളെ കണ്ണി ചേർക്കാൻ കഴിയുന്നു.
- കുട്ടിയുടെ ഭാവനയും സർഗാത്മകതയും ഉണരുന്നു.
- ആഖ്യാന അവതരണത്തിലെ "വിടവുകൾ" വ്യവഹാര രൂപങ്ങളുടെ നിർമ്മിതിയിലേക്ക് നയിക്കുന്നു.
- കുട്ടിയുടെ ബഹുമുഖ ബുദ്ധിയെ (MI) പ്രചോദിപ്പിക്കുന്നു

**ബഹുമുഖ ബുദ്ധി (Multiple Intelligence)**

ഓരോ വ്യക്തിയിലുമുള്ള ബുദ്ധിയുടെ തലങ്ങൾ എട്ടു ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. ഗാർഡ്നറുടെ ഈ സിദ്ധാന്തം ബോധന രീതിയെ കാര്യമായി സ്വാധീനിക്കുന്ന ഘടകമാണ്. ഭാഷാപരമായ ബുദ്ധി, യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി, ദൃശ്യ-സ്ഥല പരബുദ്ധി, ശാരീരിക ചലനപരമായ ബുദ്ധി, സംഗീതപരമായ ബുദ്ധി, വ്യക്ത്യാന്തര ബുദ്ധി, ആന്തരിക വൈയക്തിക ബുദ്ധി, പ്രകൃതിപരമായ ബുദ്ധി എന്നിങ്ങനെയാണ് ബുദ്ധിയുടെ തലങ്ങളെ കാണുന്നത്. ഇത് എല്ലാവരിലും ഉണ്ട്. അതുകൊണ്ട് മസ്തിഷ്ക്ക വളർച്ച ദ്രുതഗതിയിൽ നടക്കുന്ന ചെറുപ്രായത്തിൽ ബുദ്ധിയുടെ ബഹുമുഖ വികാസത്തിന് സഹായകമായ പ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട്.

**സംഘ പ്രവർത്തനം**

കൂട്ടായ ചിന്തയും പ്രവർത്തനവും കൂടുതൽ ഫലം നൽകും എന്ന കാര്യത്തിൽ സംശയമില്ല. സംഘപ്രവർത്തനങ്ങൾ കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും വെല്ലുവിളികൾ ഏറ്റെടുക്കാൻ ഉള്ള ആർജവം ഉണ്ടാക്കുന്നതിനും സഹായിക്കും. പരസ്പരം പങ്കുവെയ്ക്കുന്നതിനും മറ്റുള്ളവരെ സഹായിക്കുന്നതിനുമുള്ള മനോഭാവം വളരുന്നതും സംഘപ്രവർത്തനത്തിലൂടെയാണ്. നല്ല മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വളർത്തിയെടുക്കുന്നതും വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ പ്രധാനമാണ്.

**ഭാഷാപഠനം രണ്ടാം ക്ലാസിൽ**

ഭാഷാ പഠനം നടക്കുന്നത് വിവിധ വ്യവഹാര രൂപങ്ങളിലൂടെയാണെന്നും ഒന്നാം ക്ലാസിലെ വ്യവഹാര രൂപങ്ങളുടെ ക്രമാനുഗതവളർച്ചയും പുതിയ വ്യവഹാര രൂപങ്ങളുടെ പരിചയപ്പെടലുമാണ് രണ്ടാം ക്ലാസിൽ നടക്കേണ്ടത് എന്നുമുള്ള കാര്യങ്ങൾ മുമ്പ് ചർച്ച ചെയ്തിരുന്നല്ലോ.

വ്യവഹാര രൂപങ്ങളുടെ വായന, എഴുത്ത് എന്നീ മേഖലകളിൽ രണ്ടാം ക്ലാസിൽ കുറച്ചുകൂടി ഊന്നൽ നൽകേണ്ടതുണ്ട്. പാഠഭാഗം കുട്ടി സ്വന്തമായി വായിക്കണം എന്നതാണ് ലക്ഷ്യം. പാഠ ഭാഗത്തിലെ ആശയം പൂർണ്ണമായി ഗ്രഹിക്കുന്നതിന് പലതവണ വായനയിലൂടെ കടന്നു പോകേണ്ടതുണ്ട്. ഓരോ വായനയും

ഓരോ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയാകുമ്പോൾ യാന്ത്രികത ഒഴിവാകുകയും വായനയിൽ താൽപര്യം ജനിക്കുകയും ചെയ്യും. വ്യക്തിഗത വായന, സംഘവായന, ടീച്ചറുടെ മാതൃകാ വായന എന്നിവ ആവശ്യമായി വരാം.

അതുപോലെ തന്നെ എഴുതുന്ന പ്രക്രിയയും ശ്രദ്ധിക്കേണ്ടതുണ്ട്. ആവശ്യ ബോധത്തിൽ നിന്നുള്ള രചനകൾ ജീവസ്സുറ്റവയാകും. അതിനാൽ ആവശ്യബോധം വളർത്താനുള്ള സ്വാഭാവിക സന്ദർഭങ്ങൾ ക്ലാസിൽ ഉണ്ടാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

### എഡിറ്റിംഗ്

തെറ്റുകൾ പഠനത്തിന്റെ ഭാഗമാണ്. കുട്ടികൾ വരുത്തുന്ന തെറ്റുകൾ പഠനം നടക്കുന്നു എന്നതിന്റെ തെളിവാണ്. എന്നിരുന്നാലും അവ തിരുത്തപ്പെടേണ്ടതുതന്നെ. തിരുത്തുന്നതിനുള്ള സമീപന രീതിയാണ് പ്രധാനം. തെറ്റുകൾ സ്വയം മനസ്സിലാക്കാനുള്ള സന്ദർഭങ്ങൾ ഒരുക്കണം.

രണ്ടാം ക്ലാസിൽ പ്രധാനമായും ആശയതലത്തിലും, വാക്യഘടനയിലും, പദഘടനയിലും, അക്ഷരം, ചിഹ്നം എന്നിവയിലും കുട്ടികൾ വരുത്തുന്ന തെറ്റുകൾ ആണ് തിരുത്തപ്പെടേണ്ടത് (തെറ്റുതിരുത്തൽ പ്രക്രിയ വിശദമായി ഒന്നാം തരത്തിലെ അധ്യാപക സഹായിയിൽ വിശദീകരിച്ചിരിക്കുന്നത് നോക്കുമല്ലോ.)

### ഭാഷാ പഠന സാമഗ്രികൾ

ഭാഷാ പഠനക്ലാസിൽ അനുഭവവേദ്യമായ സന്ദർഭങ്ങൾ ഒരുക്കിയാണല്ലോ അധ്യാപിക മുന്നോട്ടുപോകുന്നത്. അതിനായിധാരാളം പഠനസാമഗ്രികൾ കണ്ടെത്തേണ്ടിവരും. ചിത്രങ്ങൾ, സിഡികൾ, ആനുകാലികങ്ങൾ, കഥാപുസ്തകങ്ങൾ തുടങ്ങി ഒട്ടനവധി സാമഗ്രികൾക്ക് ഒപ്പം നിൽക്കുന്നവയാണ് പാഠപുസ്തകവും വർക്ക് ബുക്കും.

### പാഠപുസ്തകം

ഓരോ വ്യവഹാര രൂപങ്ങളിലും കുട്ടി എത്തിച്ചേരേണ്ട മിനിമം ലെവൽ വരച്ചു കാണിക്കുന്ന ഒരു സാമഗ്രിയായി കണ്ടാൽ മതി.

ഓരോ പാഠഭാഗത്തിനും മിനിമം ലക്ഷ്യങ്ങൾ ഉണ്ട്. അവ നേടാൻ ആവശ്യമായ പ്രവർത്തനങ്ങളുടെ രൂപരേഖയും പാഠപുസ്തകത്തിൽ നൽകുന്നുണ്ട്.

പാഠപുസ്തകത്തിലെ ഓരോ പ്രവർത്തനത്തിനും പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ട്. ആ ലക്ഷ്യം മനസ്സിലാക്കി വേണം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ. അതിന് വേറെയും പഠന സാമഗ്രികൾ ഉപയോഗിക്കേണ്ടതായി വരും. പാഠ പുസ്തകത്തിലെ ചിത്രങ്ങളും വിവിധങ്ങളായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ക്രമീകരിച്ചവയാണ്. അവ പരമാവധി പ്രയോജനപ്പെടുത്തണം. ചിത്രവായന വിവിധ പ്രവർത്തനങ്ങളിലേക്ക് നയിക്കാൻ സഹായകമാകും. വായന, എഴുത്ത്, സംഭാഷണ രൂപീകരണം, കഥ നിർമാണം തുടങ്ങി ധാരാളം പ്രവർത്തനങ്ങളിലേക്ക് കുട്ടിയെ കൊണ്ടുപോകാം.

### വർക്ക് ബുക്ക്

ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ചുവടുപിടിച്ച് തയ്യാറാക്കിയ മറ്റൊരു ഭാഷാ പഠന സാമഗ്രിയാണ് വർക്ക്ബുക്ക്. കുട്ടികൾക്ക് സ്വയം വിലയിരുത്തലിനും ഗ്രൂപ്പ് വിലയിരുത്തലിനും അധ്യാപികയുടെ വിലയിരുത്തലിനും ഇത് സഹായകമാണ്. മൂല്യനിർണ്ണയ ഉപാധിയായും പഠിച്ച കാര്യങ്ങളെ ഉറപ്പിക്കുന്നതിനായും വർക്ക് ബുക്ക് പ്രവർത്തനങ്ങളെ ഉപയോഗപ്പെടുത്താം. വർക്ക് ബുക്കിലെ ഓരോ പ്രവർത്തനവും ഇതിൽ ഏത് ധർമ്മത്തിന്റെ പൂർത്തീകരണത്തിനാണ് ഉപയോഗിക്കുന്നതെന്ന് ടീച്ചർക്ക് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. ബുക്കിലെ ചില പ്രവർത്തനങ്ങൾ ഹോം വർക്കായി നൽകാവുന്നതാണ്.

### അധ്യാപക സഹായിയുടെ ഉപയോഗം

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ അനുകൂല സന്ദർഭങ്ങളുമായികൂട്ടിയിണക്കി കുട്ടികൾക്ക് താൽപര്യമുണർത്തുന്ന രീതിയിൽ പഠനാനുഭവങ്ങൾ ഒരുക്കത്തക്കവിധമാണ് അധ്യാപക സഹായി ചിട്ട

പ്പെടുത്തിയിരിക്കുന്നത്. ക്ലാസ്റൂം പ്രക്രിയ ഓരോ പാഠത്തിലും/പ്രവർത്തനത്തിലും എങ്ങനെ ആയിരിക്കണമെന്ന് ഇതിൽ വ്യക്തമാക്കിയിരിക്കുന്നു. അറിവുനിർമാണ പ്രക്രിയ ഘട്ടങ്ങൾ ഓരോ പ്രവർത്തനത്തിലും ഉൾച്ചേർന്ന് വരേണ്ടതുണ്ട്.

സമാന പ്രവർത്തനങ്ങൾ വിവിധ യൂണിറ്റുകളിൽ ആവർത്തിച്ചു വരുമ്പോൾ ആദ്യ ഭാഗങ്ങളിൽ പ്രക്രിയാഘട്ടങ്ങൾ വിശദീകരിച്ച് നൽകിയിട്ടുണ്ട്. പിന്നീട് ഘട്ടങ്ങളുടെ, പ്രക്രിയ പാലിക്കണം എന്ന സൂചന മാത്രമാണ് നൽകിയിട്ടുണ്ടാവുക. അതിനാൽ പ്രക്രിയാഘട്ടങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതില്ല എന്ന് അർത്ഥമാക്കരുത്. കൃത്യമായ ആസൂത്രണം നടത്തിവേണം അധ്യാപക സഹായി കൈകാര്യം ചെയ്യാൻ. എങ്കിൽ മാത്രമേ സമയക്രമീകരണം പാലിക്കാൻ കഴിയൂ.. ആഖ്യാനങ്ങളിലും അവതരണശൈലിയിലും പ്രാദേശികമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ അധ്യാപകർ വരുത്തേണ്ടതാണ്. കൈപ്പുസ്തകം ഒരു അവസാനവാക്കായി കാണാതെ ആവശ്യമായ കൂട്ടിച്ചേർക്കലോടെ ക്ലാസ്റൂം പ്രവർത്തനങ്ങൾ ജീവസ്സുറ്റതാക്കാൻ ഓരോ അധ്യാപകർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

## പാഠം 1
# എന്റെ നാട്

*സ്വന്തം നാടായ കേരളത്തിന്റെ മഹിമ തിരിച്ചറിയാനും നാടിനെ സ്നേഹിക്കാനും കുടുംബത്തിലും സ്കൂളിലും സമൂഹത്തിലും മുതിർന്നവരുടെ വാക്കുകൾക്ക് വില കൽപിക്കാനും കുട്ടികൾക്ക് സാധിക്കണം. ഈ ആശയത്തിലൂന്നിയാണ് എന്റെ നാട് എന്ന പാഠഭാഗം കൊടുത്തിരിക്കുന്നത്. കവിതയും കഥയും കോർത്തിണക്കിയാണ് ഈ പാഠഭാഗം തയ്യാറാക്കിയത്. ഭാഷാ ശേഷികളായ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നിവക്ക് ധാരാളം അവസരങ്ങൾ ഇതിലുണ്ട്.*

**നേടേണ്ട ശേഷികൾ**

- കവിതകൾ കേട്ടും ചൊല്ലിയും ആസ്വദിക്കുന്നതിന്.
- കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും, എഴുതുന്നതിനും.
- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിഞ്ഞ് എഴുതുന്നതിന്.
- കഥകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും കഥകൾ എഴുതുന്നതിനും.
- സംഭാഷണത്തിൽ ഏർപ്പെടുന്നതിന്.
- പഴഞ്ചൊല്ലുകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- ഭാഷാ കേളികളിൽ ഏർപ്പെടുന്നതിന്.

**പാഠാവതരണം**

കേരളത്തിന്റെ പ്രകൃതി ഭംഗിനിറഞ്ഞ ഒരു ചിത്രം പ്രദർശിപ്പിക്കുന്നു.

ടീച്ചർ ചോദ്യം ചോദിക്കുന്നു. ഏതു നാടിന്റെ ചിത്രമാണിത്? ചർച്ച:

കേരളത്തിലെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു. പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷിക്കുന്നു. പ്രത്യേകതകൾ പറയുന്നു.

'എന്റെ നാട്' എന്ന കവിതാഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. കേരളത്തിന്റെ പ്രത്യേകതകൾ കുട്ടികൾ പറയട്ടെ.

ടീച്ചർ പാഠഭാഗം ഈണത്തിൽ ചൊല്ലുന്നു.

കുട്ടികൾ ഏറ്റ് ചൊല്ലുന്നു.

**ഉത്തരം പറയാം**

പാഠഭാഗത്തിലെ ആശയം ഉൾക്കൊണ്ടോ എന്നറിയാനുള്ള പ്രവർത്തനമാണിത്. ടീച്ചർ ചോദ്യങ്ങൾ ഓരോന്നായി ചോദിക്കുന്നു. കുട്ടികൾ ഉത്തരം പറയട്ടെ. എഴുതണമെന്നില്ല. കൂടുതൽ ചോദ്യങ്ങൾ ടീച്ചർക്ക് ചോദിക്കാം.

**അർത്ഥം കണ്ടെത്താം**

പദങ്ങൾ ഓരോന്നും വായിക്കുമ്പോൾ അവ പാഠഭാഗത്തു നിന്ന് കുട്ടി കണ്ടെത്തി അർത്ഥം ചർച്ച ചെയ്ത് നോട്ടുബുക്കിൽ എഴുതുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. പാഠഭാഗത്തിലെ മറ്റു പുതിയ പദങ്ങളും ഇതേപോലെ അവതരിപ്പിക്കാം.

### വരികൾ കണ്ടെത്താം

കവിതാഭാഗം വായിച്ച് ആശയം ഗ്രഹിച്ചോ എന്നറിയാനും വരികൾ തിരിച്ചറിയാനുമുള്ള പ്രവർത്തന മാണിത്.

ഓരോ വാക്യങ്ങളായി ടീച്ചർ വായിക്കുന്നു. ആശയം ചർച്ച ചെയ്യുന്നു. ഈ ആശയം വരുന്ന വരികൾ പാഠഭാഗത്തു നിന്ന് കണ്ടെത്തട്ടെ. എല്ലാവരും കണ്ടെത്തി എന്ന് ഉറപ്പ് വരുത്തിയ ശേഷം അവതരിപ്പിക്കട്ടെ – ക്ലാസിൽ ചർച്ച ചെയ്ത് ശരിയായ വരികൾ കണ്ടെത്താം.

### കണ്ടത്താം എഴുതാം

പാഠഭാഗത്തിന്റെ ആശയം ചുരുക്കി എഴുതാനുള്ള പ്രവർത്തനമാണിത്.

കുട്ടികൾ പ്രവർത്തനത്തിലെ ആദ്യ ഭാഗം വായിക്കട്ടെ– ചർച്ച.

ടീച്ചർ ചർച്ചയിൽ പങ്കെടുക്കുന്നു. ഏതു വരികളിലെ ആശയമാണിത്. മറ്റു വരികളിലെ ആശയം ഇതു പോലെ ക്ലാസിൽ ചർച്ച ചെയ്യുന്നു. പാഠഭാഗം വായിക്കുമ്പോൾ ആശയവ്യക്തത വരുത്താൻ ടീച്ചർ ശ്രദ്ധി ക്കുന്നു. തുടർന്ന് കുട്ടികൾ സ്വന്തമായി ചിലത് എഴുതട്ടെ. ചിലർ എഴുതിയത് ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. വായിക്കുന്നു. കുട്ടികൾ വായിച്ച ശേഷം (കവിതയിലെ ആശയം ടീച്ചർ) കൂട്ടിച്ചേർക്കട്ടെ.

### പാഠാവതരണം

പാഠത്തിലെ കഥാഭാഗം അവതരിപ്പിക്കുന്നതിന് കുട്ടികൾ ആദ്യം കിളിയുടെ ഒരു ചിത്രം കടലാസിൽ വരക്കട്ടെ. നിങ്ങൾ വരച്ച പക്ഷിക്ക് ജീവൻ വെച്ചാൽ എന്തു ചെയ്യും? കുട്ടികൾ ഭാവനാ പൂർവം അവതരിപ്പി ക്കട്ടെ.

അമ്മു വരച്ച മഞ്ഞക്കിളിയുടെ ചിത്രത്തിന് എന്തു സംഭവിച്ചു?.

ജീവൻ വെച്ച മഞ്ഞക്കിളി എന്തു ചെയ്തു?

കുട്ടികൾ പാഠഭാഗം വായിക്കുന്നു. ടീച്ചർ പാഠം ഉറക്കെ വായിക്കുന്നു. ഉത്തരം പറയാം എന്ന പ്രവർത്ത നത്തിലെ ചോദ്യങ്ങളും മറ്റു ലഘു ചോദ്യങ്ങളും ചോദിക്കുന്നു.

ആശയം വിശദമാക്കുന്നതിന് തടസമായ പദങ്ങളുടെ അർത്ഥം മുമ്പ് ചർച്ച ചെയ്തത് പോലെ ചർച്ച ചെയ്ത് പാഠഭാഗത്തിലെ ആശയത്തിന് വ്യക്തത വരുത്തുന്നു.

### പദങ്ങളെഴുതാം (വർക്കുബുക്ക്)

അക്ഷരങ്ങൾക്കു താഴെ അതേ അക്ഷരം ചേർന്നു വരുന്ന പദങ്ങൾ കുട്ടികളെഴുതി അവതരിപ്പിക്കുന്നു. ടീച്ചർ പരിശോധിച്ച് മെച്ചപ്പെടുത്തുന്നു.

### മാതൃകപോലെ എഴുതാം, വാക്യങ്ങളെഴുതാം

ഈ പ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികൾക്കവസരം നൽകുന്നു. കുട്ടികൾ വാക്യങ്ങൾ വായിച്ച് പൊതു ചർച്ചയിലൂടെ ടീച്ചർ ബോർഡിൽ എഴുതുന്നു. കുട്ടികൾ മെച്ചപ്പെടുത്തി എഴുതുന്നു. തുടർന്ന് വർക്ക് ബുക്കി ലെ മാതൃക പോലെ എഴുതാം. മാതൃക നോക്കി പദങ്ങൾ പാഠത്തിൽ നിന്ന് കണ്ടെത്തി എഴുതാം. പാഠഭാ ഗത്ത് ഓരോന്നിനെയും വിശേഷിപ്പിക്കുന്നത് എങ്ങനെ എന്നീ പ്രവർത്തനങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്ത് കുട്ടികൾ വ്യക്തിഗതമായി ഗൃഹപാഠമായി ചെയ്യട്ടെ. ടീച്ചർ വിലയിരുത്തുന്നു.

### സംഭാഷണമെഴുതാം

പറക്കാൻ തുടങ്ങിയ മഞ്ഞക്കിളിയും അമ്മുവും തമ്മിലുണ്ടാവാൻ സാധ്യതയുള്ള സംഭാഷണമാണ് പ്രവർത്തനം. ഇതിന് പ്രവർത്തനത്തിലെ സംഭാഷണ ഭാഗം ആദ്യം വായിക്കുന്നു. എന്തൊക്കെ സംസാരിച്ചു പിന്നീട് എന്തൊക്കെ പറഞ്ഞു കാണും, ചർച്ച: വ്യക്തിഗത രചനക്ക് ശേഷം ടീച്ചർ ബോർഡിൽ എഴുതി അവ തരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ. തുടർന്ന് കുട്ടികൾ സംഭാഷണ രൂപത്തിൽ രണ്ടു പേർ ചേർന്ന് അവതരിപ്പിക്കട്ടെ.

### പദങ്ങൾ കണ്ടെത്താം

അക്ഷരങ്ങൾ ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ നിർമിക്കുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടി

കൾ പദങ്ങൾ കണ്ടെത്തി എഴുതട്ടെ. അവതരണത്തിനു ശേഷം മെച്ചപ്പെടുത്തണം.

**കഥ പൂർത്തിയാക്കാം**

സ്വന്തമായി കഥ എഴുതാനുള്ള പരിശീലന പ്രവർത്തനമാണ് 'മഞ്ഞക്കിളിക്ക് പിന്നീട് എന്തു സംഭവിച്ചു കാണും'. കഥയുടെപ്രവർത്തനത്തിലെ ഭാഗം വായിക്കുന്നു. ചർച്ച- ഏതാനും വാക്യങ്ങൾ കുട്ടികൾ എഴുതട്ടെ. എഴുതിയവ അഴതരിപ്പിക്കട്ടെ. എഴുതാത്ത കുട്ടികൾ ഭാവനാപൂർണമായി പറയട്ടെ. എല്ലാ കഥകളെയും പ്രോത്സാഹിപ്പിക്കണം.

**അനുഭവം എഴുതാം (വർക്കുബുക്ക്)**

സ്വന്തമായി ലഘുവാക്യങ്ങൾ എഴുതുന്നതിനുള്ള പ്രവർത്തനമാണിത്.

ചോദ്യങ്ങൾ രണ്ടും വായിച്ച് ചർച്ച ചെയ്ത ശേഷം കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. അവതരണത്തിനു ശേഷം വിലയിരുത്തി മെച്ചപ്പെടുത്താം.

**പഴഞ്ചൊല്ല്**

പഴഞ്ചൊല്ലുകളെ പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനമാണിത്. പാഠഭാഗത്തിലെ ആശയവുമായി പഴഞ്ചൊല്ലിലെ ആശയത്തെ ബന്ധിപ്പിച്ച് ചർച്ച ചെയ്യാം. മറ്റ് പഴഞ്ചൊല്ലുകൾ അവതരിപ്പിക്കുകയും ആവാം.

**വേഗത്തിൽ പറയാം**

അക്ഷരശുദ്ധി കൈവരിക്കുന്നതിനും ഭാഷയുടെ സൗന്ദര്യം ആസ്വദിക്കുന്നതിനും ഭാഷാകേളികളിൽ ഏർപ്പെടുന്നതിനും ഇതേ പ്രവർത്തനം മിക്ക പാഠങ്ങളിലും നൽകിയിട്ടുണ്ട്. കുട്ടികൾ വായിച്ച് വേഗത്തിൽ പറഞ്ഞ് ശീലിക്കട്ടെ. മത്സരങ്ങൾ സംഘടിപ്പിക്കാം. അഞ്ചു പ്രാവശ്യം തെറ്റാതെ പറയുന്നതാര്?.

**കഥ പറയാം**

സ്വന്തമായി ഭാഷണത്തിലേർപ്പെടുന്നതിനുള്ള പ്രവർത്തനമാണിത്.

പഠിച്ച കഥ കുട്ടി സ്വന്തം വാക്യത്തിൽ സ്വതന്ത്രമായി അവതരിപ്പിക്കട്ടെ.

## പാഠം 2

# പുതുമഴ

*മഴ ആനന്ദകരമായ ഒരനുഭവമാണ്. മഴയെ എല്ലാവരും ഇഷ്ടപ്പെടുന്നു. മഴ ആസ്വദിക്കാനും മഴക്കാഴ്ചകൾ കാണാനും മഴയത്തു കളിക്കാനുമെല്ലാം കുട്ടികൾക്ക് ഏറെ ഇഷ്ടമാണ്. മഴക്കാലത്തെ വ്യത്യസ്ത കാഴ്ചകളിലൂടെയും അനുഭവങ്ങളിലൂടെയും കുട്ടിയെ വിവിധ ഭാഷാ പ്രവർത്തനങ്ങളിലേക്ക് നയിക്കുകയാണ് ഈ പാഠഭാഗം കൊണ്ട് ലക്ഷ്യമിടുന്നത്. പാഠഭാഗം പുരോഗമിക്കുന്നതിനിടക്ക് സന്ദർഭോചിതമായ ചില പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അവ പൂർത്തീകരിച്ചു കൊണ്ടു വേണം മുന്നോട്ടു പോവേണ്ടത്.*

### നേടേണ്ട ശേഷികൾ

- ലഘു വിവരണങ്ങൾ കേട്ടും വായിച്ചും ആശയം ഉൾക്കൊള്ളുന്നതിന്.
- സന്ദർഭത്തിന് അനുയോജ്യമായ സംഭാഷണങ്ങൾ നിർമിക്കുന്നതിനും അവതിരപ്പിക്കുന്നതിനും.
- കണ്ടും കേട്ടും പരിചിതമായ മഴക്കാല കാഴ്ചകൾ വാചികമായും ലിഖിതമായും അവതരിപ്പിക്കുന്നതിന്.
- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിഞ്ഞ് എഴുതുന്നതിന്.
- കഥകൾ പൂർത്തീകരിച്ചെഴുതുന്നതിന്.
- കുട്ടിക്കവിതകൾ കേട്ടും ചൊല്ലിയും ആസ്വദിക്കുന്നതിനും വരികൾ ചേർത്ത് കവിത എഴുതുന്നതിനും.
- ലഘുവാക്യങ്ങൾ എഴുതുന്നതിന്.
- ഭാഷാകേളികളിൽ ഏർപ്പെടുന്നതിന്.

### പാഠാവതരണം

മഴക്കാല അനുഭവ ചർച്ച, മഴക്കാല ചിത്രം പ്രദർശിപ്പിക്കൽ, മഴക്കവിത അവതരണം ടെക്സ്റ്റ് ബുക്ക് 10, 11 പേജുകളിലെ ചിത്രം പ്രദർശിപ്പിക്കൽ.

ഇത്തരം ഏതെങ്കിലും ഒരു സന്ദർഭം ക്ലാസിലൊരുക്കി മഴക്കാലത്തെയും മഴക്കാല കാഴ്ചകളെയും കുറിച്ച് ക്ലാസ്സിൽ ചർച്ച സംഘടിപ്പിക്കാം.

ചർച്ചയ്ക്കു ശേഷം കുട്ടികൾ പാഠഭാഗത്തിലെ ആദ്യഭാഗം (പേജ് 10)വായിക്കട്ടെ.

വായനയ്ക്കുശേഷം ലഘു ചർച്ചയാവാം.

തുടർന്ന് പാഠഭാഗം അധ്യാപിക വായിച്ചവതരിപ്പിക്കുന്നു.

ലഘുചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പറയുന്നു. പുതിയ പദങ്ങൾ പരിചയപ്പെടുത്തുന്നു.

### സംഭാഷണം തയ്യാറാക്കാം

കുഞ്ഞുതുള്ളിയും പനനീർപ്പൂവും തമ്മിൽ നടന്ന സംഭാഷണം എന്തായിരിക്കും? ക്ലാസ്സിൽ ചർച്ച ചെയ്യാം. ചർച്ചയ്ക്കു ശേഷം കുട്ടികൾ വ്യക്തിഗതമായി സംഭാഷണം തയ്യാറാക്കട്ടെ. ടീച്ചർ പരിശോധിച്ച് മെച്ചപ്പെടുത്താൻ സഹായിക്കുമല്ലോ.

വിവരണത്തിന്റെ തുടർന്നുള്ള ഭാഗങ്ങൾ കുട്ടികൾ വായിക്കുന്നു.

ലഘു ചർച്ചയ്ക്കു ശേഷം

ടീച്ചർ പാഠഭാഗം വായിച്ചവതരിപ്പിക്കുന്നു. ആശയ ഗ്രഹണത്തിനുതകുന്ന ചെറുചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പറയുന്നു

വെള്ളത്തിൽ ഒഴുകിപ്പോയത് എന്തെല്ലാം? ക്ലാസ്സിൽ പൊതുചർച്ചയാവാം. ചർച്ചയ്ക്കു ശേഷം കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. അവതരണത്തിനും മെച്ചപ്പെടുത്തലിനും അവസരം നൽകുമല്ലോ?

ഇതേ പ്രക്രിയ പാലിച്ചു കൊണ്ട് തുടർന്നുള്ള ഭാഗങ്ങളും അവതരിപ്പിക്കാം.

**പകരം പദം കണ്ടെത്താം**

കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. പൊതുവായി അവതരിപ്പിക്കുന്നതിനും ആവശ്യമെങ്കിൽ മെച്ചപ്പെടുത്തുന്നതിനും അവസരം ഒരുക്കുമല്ലോ?

**ഉത്തരം പറയാം**

കുട്ടികൾ പാഠഭാഗത്തു നിന്ന് ഉത്തരം കണ്ടെത്തട്ടെ.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കട്ടെ.

ടീച്ചർ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുമല്ലോ?

ഏതൊക്കെ ജീവികൾ:കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. എഴുതി മെച്ചപ്പെടുത്തുന്നു.

**മഴ പലതരം**

വിവിധ തരം മഴകൾ തിരിച്ചറിയുന്നതിനും 'മഴ' എന്ന പദത്തോടൊപ്പം വിശേഷണങ്ങൾ ചേർത്തുവരുന്ന കൂടുതൽ പദങ്ങൾ പരിചയപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനമാണിത്.

കുട്ടികൾ എഴുതിയ പദങ്ങൾ പൊതുവായി അവതരിപ്പിക്കുന്നതിനും പുതിയ പദങ്ങൾ കൂട്ടിച്ചേർക്കുന്നതിനും അവസരം നൽകാം. ഇതിന്റെ തുടർച്ചയായി വർക്ക് ബുക്കിലെ വിശേഷിപ്പിച്ചെഴുതൂ എന്ന പ്രവർത്തനവും നൽകാവുന്നതാണ്.

**മാതൃക പോലെ എഴുതാം**

കുടുതൽ ഉദാഹരണങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കാം. പാഠപുസ്തകത്തിൽ നൽകിയ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ.

ടീച്ചർ പരിശോധിച്ച് മെച്ചപ്പെടുത്താൻ സഹായിക്കുമല്ലോ. വർക്ക് ബുക്കിലെ 'മാതൃകപോലെ എഴുതാം' എന്ന പ്രവർത്തനം ഇതിന്റെ തുടർച്ചയായി നൽകാം.

**വാക്യങ്ങളെഴുതാം(വർക്ക് ബുക്ക്)**

'മഴ' എന്ന പദം ചേർന്നു വരുന്ന പരമാവധി വാക്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. അവരണത്തിനും മെച്ചപ്പെടുത്തലിനും അവസരം ഒരുക്കുമല്ലോ?

**മഴച്ചൊല്ലുകൾ ശേഖരിക്കാം**

മഴച്ചൊല്ലുകളും അവയുടെ ആശയവും പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടികൾ ശേഖരിക്കുന്ന ചൊല്ലുകൾ ഗ്രൂപ്പിലും ക്ലാസ്സിലും അവതരിപ്പിക്കട്ടെ.

**പൂർത്തിയാക്കാം**

കഥയുടെ ബാക്കി ഭാഗം ക്ലാസ്സിൽ പറയാൻ അവസരം നൽകാം. വാചിക അവതരണത്തിനു ശേഷം ഓരോരുത്തരും കഥ വ്യക്തമായി പൂർത്തീകരിച്ചെഴുതട്ടെ. തലക്കെട്ടു നൽകാനും സൂചിപ്പിക്കുമല്ലോ. തയ്യാറാക്കിയ കഥകൾ പരിശോധിച്ച് ആവശ്യമായ മെച്ചപ്പെടുത്തലുകൾ നടത്താൻ സഹായിക്കുമല്ലോ?

**ഉറുമ്പു കണ്ട കാഴ്ചകൾ (വർക്ക്ബുക്ക്)**

കഥ വ്യക്തിഗതമായി പൂർത്തീകരിച്ചെഴുതി അവതരിപ്പിക്കട്ടെ.

## ചൊല്ലാം രസിക്കാം

ടീച്ചറും കുട്ടികളും ചേർന്ന് കവിതാഭാഗം താളത്തിൽ ചൊല്ലട്ടെ.

കുട്ടികൾ ചെറുസംഘങ്ങളായി കവിത ചൊല്ലി അവതരിപ്പിക്കട്ടെ.

## കവിത പൂരിപ്പിക്കാം (വർക്ക്ബുക്ക്)

കവിതകൾ എഴുതുന്നതിനുള്ള പരിശീലന പ്രവർത്തനമാണിത്. കവിത വ്യക്തിഗതമായി പൂരിപ്പിച്ചെഴുതുന്നു. ക്ലാസിൽ ചൊല്ലി അവതരിപ്പിക്കാൻ അവസരം നൽകുന്നു. ടീച്ചർ എല്ലാ കവിതകളും വിലയിരുത്തണം.

## പാഠം 3

# ചീവീടും ഉറുമ്പും

*അലസത നമുക്ക് നഷ്ടങ്ങൾ വരുത്തും. ചിലപ്പോൾ ജീവൻതന്നെ അപകടത്തിലാവും. അലസത വെടിയാനും ഊർജസ്വലമായി പ്രവർത്തിക്കാനും ഉള്ള സന്ദേശമാണ് ഈ പാഠഭാഗത്തിലൂടെ ലക്ഷ്യമിടുന്നത്. കഥകൾ കുട്ടികൾക്കിഷ്ടമാണ്. ചീവീടിന്റെയും ഉറുമ്പിന്റെയും ഒരു കഥയാണ് പാഠഭാഗം.*

**നേടേണ്ട ശേഷികൾ**

- കഥകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- കഥകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നതിന്.
- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനും.
- ലഘുവാക്യങ്ങൾ എഴുതുന്നതിന്.
- കഥകൾ പറയുന്നതിനും എഴുതുന്നതിനും.

**പാഠാവതരണം**

നിങ്ങൾ മിടുക്കന്മാരാണോ? അതോ മടിയന്മാരാണോ?
നിങ്ങൾ എപ്പോഴൊക്കെയാണ് മടികാണിക്കുന്നത്?
ചർച്ച:
നിങ്ങൾ കണ്ട ഏറ്റവും മടിയനായ ജീവി ഏതാണ്?
പാഠഭാഗത്തെ ചിത്രം നിരീക്ഷിക്കുന്നു.
ചിത്രത്തിൽ ആരൊക്കെ?
ചീവീടും ഉറുമ്പും.
ഇതിൽ മടിയനാരായിരിക്കും. കുട്ടികൾ ഊഹിച്ചു പറയട്ടെ.

തുടർന്ന് പാഠഭാഗം വായിച്ച് കുട്ടികൾ അവതരിപ്പിക്കട്ടെ. ടീച്ചർ പാഠഭാഗം ഭാവത്തോടെ വായിച്ച് അവതരിപ്പിക്കുന്നു.

**ഉത്തരം പറയാം എഴുതാം**

ടീച്ചർ പ്രവർത്തനത്തിലെ ചോദ്യങ്ങൾ ചോദിക്കുന്നു. കൂടാതെ മറ്റ് ലഘുചോദ്യങ്ങളും ചോദിച്ച് ആശയവ്യക്തതവരുത്തുന്നു.

**വായിക്കാം**

പ്രവർത്തനത്തിലെ പദങ്ങളും കുട്ടികൾക്ക് അർത്ഥമറിയാത്ത പദങ്ങളും പാഠഭാഗത്തുനിന്ന് കണ്ടെത്തി അർത്ഥ വ്യക്തത വരുത്തി ബോർഡിലും ബുക്കിലും എഴുതുന്നു.

തുടർച്ചയായി പാഠപുസ്തകത്തിലെ പകരം പദം കണ്ടെത്തി എഴുതാം എന്ന പ്രവർത്തനം വ്യക്തിഗതമായി ചെയ്ത് അവതരിപ്പിക്കുന്നു വിലയിരുത്തി മെച്ചപ്പെടുത്തി പാഠപുസ്തകത്തിൽ എഴുതാം.

**ചിഹ്നങ്ങൾ ചേർത്ത് മാറ്റി എഴുതാം (വർക്കുബുക്ക്)**

ടീച്ചർ വാക്യങ്ങളും അടിയിൽ വരയിട്ട പദങ്ങൾ ചിഹ്നങ്ങളില്ലാത്ത രീതിയിലും വായിച്ചു കൊടുക്കുന്നു. പദങ്ങൾ ചിഹ്നങ്ങൾ ചേർത്ത് മാറ്റി എഴുതട്ടെ.

**ഇഷ്ടപ്പെട്ടതാരെ?**

ഈ കഥയുടെ ആശയം കുട്ടികൾക്ക് വ്യക്തമാക്കുന്നതിനുള്ള പ്രവർത്തനമാണിത്.

പ്രവർത്തനം വായിച്ച് കുട്ടികൾ എഴുതി അവതരിപ്പിക്കട്ടെ. ടീച്ചർ വേർഷനും അവതരിപ്പിച്ച ശേഷം കുട്ടികൾ മാറ്റി എഴുതട്ടെ.

**മറ്റൊരു വാക്യം എഴുതാം**

അടിയിൽ വരയിട്ട പദങ്ങൾ ചേർത്ത് പുതിയ വാക്യങ്ങൾ സ്വന്തമായി എഴുതട്ടെ.

ടീച്ചർ വിലയിരുത്തണം.

**ഞാൻ ചെയ്യുന്നത്**

അലസരാവാതിരിക്കാനുള്ള ഏക മാർഗം ജോലികൾ ഏറ്റെടുത്തു ചെയ്യുകയാണ്.

കുട്ടികൾ വീട്ടിലും സ്കൂളിലും ഏറ്റെടുത്ത് ചെയ്യുന്ന ജോലികൾ ഓരോരുത്തരും പറയട്ടെ. ജോലിയുടെ മഹത്വവും ചർച്ച ചെയ്യാം. തുടർന്ന് കുട്ടികൾ എഴുതി അവതരിപ്പിക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

**സംഭാഷണം (വർക്കുബുക്ക്)**

കഥാഭാഗം വായിക്കുന്നു. ലഘുചർച്ച ;

ഉറുമ്പും ചീവീടും തമ്മിൽ എന്തൊക്കെ പറഞ്ഞുകാണും. ലഘു ചർച്ചയ്ക്കു ശേഷം സ്വന്തമായി സംഭാഷണം എഴുതി പൂർത്തിയാക്കട്ടെ.

ടീച്ചർ വിലയിരുത്തണം. സംഭാഷണ രൂപത്തിൽ രണ്ടുകുട്ടികൾ ചേർന്ന് അവതരിപ്പിക്കുകയും ആവാം.

**മാതൃകപോലെ എഴുതാം**

പാഠപുസ്തകത്തിലെയും വർക്ക് ബുക്കിലെയും പ്രവർത്തനത്തിൽ മാതൃകയായി കാണിച്ചത് വായിച്ച് ചർച്ചചെയ്ത് വ്യക്തിഗതമായി പൂർത്തിയാക്കി ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് മെച്ചപ്പെടുത്തട്ടെ

**എഴുതിനോക്കൂ**

അലസത കൈവെടിയാൻ നാം എന്തൊക്കെ ചെയ്യും? ഓരോ കുട്ടിയും ഭാവിയിൽ എങ്ങനെയായിരിക്കും എന്ന് പറയട്ടെ. തുടർന്ന് വ്യക്തിഗതമായി എഴുതട്ടെ. ഓരോ കുട്ടിയും എഴുതിയതിനെ ശരിയായ വാക്യമാക്കി മാറ്റാൻ ടീച്ചർ സഹായിക്കണം.

## പാഠം 4

# കുട്ടിയും പ്രാവും

*പ്രമുഖരായ കവികളുടെ കുട്ടിക്കവിതകൾ പരിചയപ്പെടുന്നതിനും ചൊല്ലി രസിക്കുന്നതിനും ആശയം ഗ്രഹിക്കുന്നതിനും സഹായകമായ പാഠഭാഗമാണിത്. കുട്ടികൾക്ക് സുപരിചിതവും അവർ ഏറെ ഇഷ്ടപ്പെടുന്നതുമായ ഒരു പക്ഷിയാണ് പ്രാവ്. പ്രാവും കുട്ടിയും തമ്മിലുള്ള സംഭാഷണ രൂപത്തിലുള്ള ഒരു കവിതയാണ്. കവിയെ പരിചയപ്പെടുത്താനും ശ്രമിക്കുമല്ലോ.*

**നേടേണ്ട ശേഷികൾ**

- കവിതകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നതിനും ആശയം ഗ്രഹിക്കുന്നതിനും.
- വരികൾ കൂട്ടിച്ചേർത്ത് കവിതകൾ പൂർത്തീകരിക്കുന്നതിന്.
- വേനൽക്കാലത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നതിന്.
- ഭാഷാ പ്രയോഗങ്ങളും സവിശേഷതകളും തിരിച്ചറിയുന്നതിനും എഴുതുന്നതിനും.
- കവിതയുടെ ആശയം കണ്ടെത്തി സ്വന്തം വാക്യത്തിൽ എഴുതുന്നതിന്.
- ഇഷ്ട വിഷയത്തെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുന്നതിന്.

**പാഠാവതരണം**

നിങ്ങൾക്ക് പക്ഷികളെ ഇഷ്ടമാണോ?
ഏത് പക്ഷിയെയാണ് ഏറ്റവും ഇഷ്ടപ്പെടുന്നത്? എന്തുകൊണ്ട്?
പക്ഷികളെക്കുറിച്ചുള്ള പാട്ട് പാടാമോ?
ചില പക്ഷികളെക്കുറിച്ചുള്ള പാട്ടുകൾ ക്ലാസിൽ ചേർന്നു പാടാം.

തുടർന്ന് പാഠപുസ്തകത്തിലെ കവിത ടീച്ചർ ഈണത്തിൽ അവതരിപ്പിക്കുന്നു. കുട്ടികൾ ഏറ്റു ചൊല്ലുന്നു.

കവിത രണ്ടു ടീമായി (കുട്ടി – പ്രാവ്) ക്ലാസിൽ അവതരിപ്പിക്കുന്നു.
ലഘു ചർച്ച

**ഉത്തരം കണ്ടെത്താമോ?**

ചോദ്യങ്ങൾ ടീച്ചർ ഓരോന്നായി അവതരിപ്പിക്കുന്നു
കുട്ടികൾ ഉത്തരം കണ്ടെത്തി പറയട്ടെ.
ഉത്തരം എഴുതണമെന്നില്ല.

**സമാന പദങ്ങൾ എടുത്തെഴുതാം**

പെട്ടിയിൽ നിന്ന് സമാന പദങ്ങൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. പൊതുവായി അവതരിപ്പിച്ച് മെച്ചപ്പെടുത്താൻ അവസരം നൽകുമല്ലോ.

**ഒരേ അർത്ഥമുള്ള പദങ്ങൾ തിരഞ്ഞെടുക്കുക (വർക്ക്ബുക്ക്)**

വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ.
ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുമല്ലോ

**കൂടുതൽ പദങ്ങൾ കണ്ടെത്താം, മാതൃക വായിച്ച് ചർച്ച ചെയ്യാം**

മാതൃക പോലെ കൂടുതൽ പദങ്ങൾ കണ്ടെത്തി പറയാനും എഴുതാനും അവസരം നൽകാം.

**പ്രത്യേകതകൾ എഴുതാമോ?**

വേനൽകാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? ക്ലാസിൽ പൊതു ചർച്ചയാവാം.

കുട്ടികൾ നേരിട്ട് അനുഭവിച്ചും കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ അവതരിപ്പിക്കട്ടെ. തുടർന്ന് വ്യക്തിഗതമായി എഴുതട്ടെ. പരിശോധിച്ച് മെച്ചപ്പെടുത്താൻ സഹായിക്കുമല്ലോ.?

**കാലങ്ങളെ സൂചിപ്പിക്കുന്ന പദങ്ങൾ**

വിവിധ കാലങ്ങൾ പറയാനും തുടർന്ന് എഴുതാനും അവസരം നൽകാം.

**എന്റെ ഇഷ്ടപക്ഷി (വർക്ക്ബുക്ക്)**

തങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പക്ഷിയെ നിരീക്ഷിക്കട്ടെ. അവയുടെ സവിശേഷതകൾ തിരിച്ചറിയട്ടെ. തുടർന്ന് ആ പക്ഷിയെക്കുറിച്ച് വ്യക്തിഗതമായി ലഘുവിവരണം തയ്യാറാക്കട്ടെ.

ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും അവസരം നൽകുമല്ലോ.

**കിളിപ്പാട്ടുകൾ ശേഖരണം (വർക്ക് ബുക്ക്)**

ശേഖരിക്കുന്ന പാട്ടുകളും കവിതകളും സംഘമായും ഒറ്റക്കും അവതരിപ്പിക്കാൻ ക്ലാസിൽ അവസരം നൽകുമല്ലോ.

**അക്ഷരങ്ങളുപയോഗിച്ച് പദങ്ങളുണ്ടാക്കാം**

നൽകിയിട്ടുള്ള ഇരട്ട അക്ഷരങ്ങൾ വരുന്ന ഏതാനും പദങ്ങൾ ക്ലാസിൽ ടീച്ചർ പരിചയപ്പെടുത്തുമല്ലോ. കൂടുതൽ പദങ്ങൾ ശേഖരിച്ച് കുട്ടികൾ പട്ടിക പൂർത്തീകരിക്കട്ടെ. അവതരണത്തിനും മെച്ചപ്പെടുത്തലിനും അവസരം നൽകണം.

**ശരിയായ ചിഹ്നം ചേർത്ത് പദങ്ങൾ പൂർത്തീകരിക്കുക (വർക്ക്ബുക്ക്)**

ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ വ്യക്തിഗതമായി എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ. പൊതു അവതരണത്തിനും അവസരം നൽകുമല്ലോ. ചിഹ്നങ്ങളുടെ പ്രത്യേകതയും ശബ്ദത്തിനു വരുന്ന മാറ്റവും ചർച്ച ചെയ്യണം

**വരികൾ ചേർക്കാം**

പ്രാവിനോട് കുട്ടി എന്തെല്ലാം പറഞ്ഞിരിക്കാം? ചർച്ച:

ആശയങ്ങൾ താളത്തിലുള്ള വരികളായി എഴുതട്ടെ.

എഴുതിയ വരികൾ ചൊല്ലി അവതരിപ്പിക്കാനും മെച്ചപ്പെടുത്താനും അവസരം നൽകുമല്ലോ.

**ആശയം എഴുതൂ (വർക്ക്ബുക്ക്)**

കവിതയുടെ ആശയം ക്ലാസിൽ പറയാൻ ഏതാനും പേർക്ക് അവസരം നൽകുന്നു. തുടർന്ന് ഓരോ കുട്ടിയും വ്യക്തിഗതമായി ആശയം എഴുതട്ടെ. ടീച്ചർ പരിശോധിച്ച് ആവശ്യമായ മെച്ചപ്പെടുത്തലുകൾക്ക് സഹായിക്കുമല്ലോ.

## പാഠം 5

# ആഹാരം ആരോഗ്യം

*ചെറുപ്പം മുതലേ നല്ല ആരോഗ്യ ശീലങ്ങൾ പാലിച്ചെങ്കിലേ രോഗങ്ങളിൽ നിന്ന് രക്ഷനേടാനാവൂ. കുട്ടികളെ മികച്ച ആരോഗ്യ ശീലമുള്ളവരാക്കുന്നതോടൊപ്പം ഭാഷാപഠനത്തിലും മികവുണ്ടാക്കുവാൻ പ്രയോജനകരമായ ഒരു പാഠമാണിത്.*

**നേടേണ്ട ശേഷികൾ**

- ചെറു വിവരണങ്ങൾ കേട്ടും വായിച്ചും ആശയം ഉൾകൊള്ളുന്നതിന് .
- മികച്ച ആരോഗ്യ ശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാകുന്നതിന്.
- സന്ദർഭത്തിനും ആശയത്തിനും യോജിച്ച പദങ്ങൾ സംഭാഷണത്തിലും എഴുത്തിലും. ഉപയോഗിക്കുന്നതിന്.
- കുട്ടിക്കവിതകൾ കേട്ടും ചൊല്ലിയും ആശയം ഉൾക്കൊള്ളുന്നതിനും ആസ്വദിക്കുന്നതിനും.
- ലഘു വാക്യങ്ങൾ നിർമിക്കുന്നതിന്.
- ഒരു വിഷയത്തെ അടിസ്ഥാനമാക്കി ലഘു കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

**പാഠാവതരണത്തിലേക്ക്**

മികച്ച ആരോഗ്യ ഭക്ഷണ ശീലങ്ങൾ കാണിക്കുന്ന ചിത്രങ്ങൾ കാണിച്ച് ക്ലാസ്സിൽ പൊതു ചർച്ച നടത്താം. (മഴത്തുള്ളികൾ STD- I ലെ പാഠ ഭാഗവും ചിത്രങ്ങളും ഉപയോഗിക്കാം)

ടീച്ചർ പാഠ ഭാഗം ഭാവാത്മകമായും അനുയോജ്യവുമായ ശബ്ദ വ്യതിയാനത്തോടെയും വായിച്ചവതരിപ്പിക്കുന്നു.

ടീച്ചറുടെ അവതരണത്തിനു ശേഷം പാഠ ഭാഗം വ്യക്തിഗതമായി വായിക്കട്ടെ.

തുടർന്ന് ലഘു ചർച്ചയും ആശയ ഗ്രഹണത്തിലേക്ക് നയിക്കാനുതകുന്ന ചോദ്യങ്ങൾ ചോദിക്കലുമാവാം.

ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി പറയുകയും തുടർന്ന് എഴുതുകയും ചെയ്യട്ടെ.

ആവശ്യമായ ഇടപെടലുകളും കൂട്ടിചേർക്കലുകളും ടീച്ചർ നടത്തുമല്ലോ?

**ചേർത്തു വരക്കാം**

കുട്ടികൾ പാഠഭാഗം വായിച്ച് പദങ്ങളുടെ അർത്ഥം ഊഹിച്ച് ചേർത്തു വരക്കട്ടെ. പൊതു അവതരണത്തിനും ആവശ്യമെങ്കിൽ മെച്ചപ്പെടുത്താനുള്ള അവസരവും നൽകുമല്ലോ.?

**യോജിച്ച പദം ചേർത്ത് വാക്യം പൂർത്തീകരിക്കുക**

പരിചയപ്പെട്ട പദങ്ങൾ ഉറപ്പിക്കുന്നതിനും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നതിനുമുള്ള അവസരം നൽകുന്ന പ്രവർത്തനമാണിത്.കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ.ഗ്രൂപ്പിൽ ചർച്ച ചെയ്ത ശേഷം പൊതു അവതരണമാവാം.

## മാതൃക പോലെ എഴുതാം (വർക്ക് ബുക്ക്)

വാക്യ നിർമ്മാണത്തിൽ കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനും താല്പര്യമുളവാകുന്നതിനും ഈ പ്രവർത്തനം സഹായകരമാണ്. വ്യക്തിഗതമായി പ്രവർത്തനം ചെയ്യട്ടെ

ക്ലാസ്സിൽ പൊതു അവതരണവും ചർച്ചയും നടത്തുമല്ലോ?

മെച്ചപ്പെടുത്തലിന് സഹായം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി സഹായിക്കുമല്ലോ?

## സൂചനകൾക്കനുസരിച്ച് കളം പൂർത്തീകരിക്കുക

പാഠഭാഗം വായിച്ച് പദങ്ങൾ കണ്ടെത്തി പൂരിപ്പിക്കട്ടെ.ഗ്രൂപ്പിൽ പരിശോധിച്ച് മെച്ചപ്പെടുത്തട്ടെ. ശരിയായ രൂപം പൊതുവായി അവതരിപ്പിക്കുന്നു.

## അടിയിൽ വരയിട്ട പദം ചേർത്ത് വാക്യങ്ങൾ എഴുതാം

പദങ്ങൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാനും സ്വന്തമായി വാക്യങ്ങൾ നിർമിക്കുന്നതിനും കുട്ടിക്ക് ഈ പ്രവർത്തനത്തിലൂടെ അവസരം ലഭിക്കും.

നിർദിഷ്ട പദം ഉപയോഗിച്ച് കുട്ടികൾ നിർമിച്ച വ്യത്യസ്ത വാക്യങ്ങൾ ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുകയും ചാർട്ട് ചെയ്യുകയുമാവാം. പൊതു വായനക്കും ഈ വാക്യങ്ങൾ പ്രയോജനപ്പെടുത്താം.

## കവിത ചൊല്ലാം

ടീച്ചറും കുട്ടികളും ചേർന്ന് കവിത താളത്തിൽ ചൊല്ലട്ടെ. തുടർന്ന് ചെറു ഗ്രൂപ്പുകളായും വ്യക്തിഗതമായും അവതരിപ്പിക്കാനും അവസരമൊരുക്കാം.

ചോദ്യങ്ങൾ ഉത്തരമായി വരുന്ന വരികൾ കുട്ടികൾ കണ്ടെത്തി ചൊല്ലട്ടെ.

കവിതയുടെ ആശയം ഗ്രഹിക്കാനുതകുന്ന തരത്തിൽ ലഘു ചർച്ചയുമാവാം.

## ബോർഡ് തയ്യാറാക്കാം (വർക്ക്ബുക്ക്)

കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കുന്ന ബോർഡുകൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നതിനും ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നതിനും അവസരം ഒരുക്കണം.

മെച്ചപ്പെടുത്തിയ ബോർഡുകൾ സ്കൂളിൽ അനുയോജ്യമായ ഇടങ്ങളിൽ ടീച്ചറുടെ സഹായത്തോടെ കുട്ടികൾ സ്ഥാപിക്കട്ടെ.

## ശുചിത്വ ശീലങ്ങൾ (വർക്ക് ബുക്ക്)

നല്ല ആരോഗ്യ, ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസ്സിൽ പൊതു ചർച്ചയാവാം. ചർച്ചയ്ക്ക് ശേഷം കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്താൻ സഹായിക്കുമല്ലോ?

## ആഹാരം പലവിധം

കുട്ടികൾ വ്യക്തിഗതമായി പദസൂര്യൻ പൂർത്തീകരിക്കട്ടെ.ക്ലാസ്സിൽ പൊതു അവതരണവും ചർച്ചയും നടക്കണം.

ഓരോ വിഭാഗത്തിലും വരുന്ന കൂടുതൽ ഉദാഹരണങ്ങൾ ടീച്ചർ അവതരിപ്പിക്കുല്ലോ?

ഓരോ വിഭാഗത്തിന്റെയും സവിശേഷതകളെക്കുറിച്ച് ലഘു ചർച്ച നടക്കട്ടെ. വർക്ക് ബുക്കിലെ 'ആഹാരം പലവിധം' എന്ന പ്രവർത്തനം ഇതിന്റെ തുടർച്ചയായി ചെയ്യട്ടെ. പരിചിതമായ ഒരു വിഷയത്തെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കാനുള്ള പരിശീലനം ഇതിലൂടെ ലഭിക്കും. തയ്യാറാക്കിയ കുറിപ്പുകൾ പരിശോധിക്കുകയും ആവശ്യമായ മെച്ചപ്പെടുത്തലുകൾക്ക് സഹായിക്കുകയും ചെയ്യുമല്ലോ?

## മാതൃക പോലെ എഴുതാം

വ്യക്തിഗതമായി ചെയ്യട്ടെ. പൊതുവായി അവതരിപ്പിച്ച് ചർച്ചയാവാം. മെച്ചപ്പെടുത്താൻ സഹായിക്കാം.

**വായിക്കാം**

ചൊല്ലുകൾ ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുകയും വായിക്കാൻ അവസരം നൽകുകയുമാവാം. ചൊല്ലുകളുടെ ആശയത്തെക്കുറിച്ചുള്ള ലഘു ചർച്ചയും സംഘടിപ്പിക്കുമല്ലോ

**കടങ്കഥക്ക് ഉത്തരം എഴുതാമോ ?**

കടങ്കഥയുടെ ഉത്തരം കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ. ഭക്ഷണവുമായി ബന്ധപ്പെട്ട കൂടുതൽ കടങ്കഥകൾ ശേഖരിച്ച് അവതരിപ്പിക്കുകയുമാവാം.

**പാടാം രസിക്കാം**

ടീച്ചറും കുട്ടികളും ചേർന്ന് പാട്ട് ഈണത്തിൽ പാടാം.

കുട്ടികൾക്ക് ഗ്രൂപ്പായും വ്യക്തിഗതമായും അവതരിപ്പിക്കാനും അവസരം നൽകാം.

പാഠം 6

# ഓണം വന്നേ

*ഏറെ സവിശേഷതയുള്ള ഒരാഘോഷമാണ് ഓണം. കേരളത്തിന്റെ ദേശീയോത്സവവും കാർഷികോത്സവവുമായ ഓണം ഓരോ മലയാളിയുടേയും അകം നിറയുന്ന ആനന്ദവേളയാണ്. ഓണവുമായി ബന്ധപ്പെട്ട് നിരവധി കളികളും പാട്ടുകളും ചൊല്ലുകളും പ്രയോഗങ്ങളും ചടങ്ങുകളുമെല്ലാമുണ്ട്. മുതിർന്നവർക്കും കുട്ടികൾക്കും ഒരു പോലെ സുപരിചിതമാണ് അവയിൽ മിക്കതും. ഓണവുമായി ബന്ധപ്പെട്ട ഇത്തരം സാധ്യതകളെ ഭാഷാപഠനത്തിനും കൂടി ഉപയോഗപ്പെടുത്താൻ ഈ പാഠഭാഗത്തിലൂടെ സാധിക്കും.*

### നേടേണ്ട ശേഷികൾ

- കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- പദക്കൂട്ടുകൾ പിരിച്ചു പറയുന്നതിനും എഴുതുന്നതിനും.
- കവിതകൾ ഈണത്തിൽ ചൊല്ലുന്നതിന്.
- വിവിധ ആഘോഷങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നതിന്.
- ഒരു വിഷയത്തെ അടിസ്ഥനമാക്കി ലഘുവാക്യങ്ങൾ പറയുന്നതിനും എഴുതുന്നതിനും.
- സ്വന്തം അനുഭവങ്ങളെ അടിസ്ഥാനമാക്കി കുറിപ്പുകൾ തയ്യാറാക്കുന്നതിന്.
- അനുയോജ്യമായ വരികൾ ചേർത്ത് കവിത പൂർത്തിയാക്കുന്നതിന്.

### പാഠ ഭാഗത്തേക്ക്

ഓണച്ചിത്രങ്ങൾ/മാവേലിയും പൂക്കളും/ഓണപ്പാട്ടുകൾ /കവിതകൾ/തുടങ്ങിയവ ക്ലാസ്സിൽ പ്രദർശിപ്പിച്ചും അവതരിപ്പിച്ചും ഓണാഘോഷത്തെക്കുറിച്ച് ചർച്ചയാവാം.

കുട്ടികൾക്ക് ഓണാഘോഷ അനുഭവങ്ങൾ പറയാൻ അവസരം നൽകാം.

കുട്ടികൾ ചെറു സംഘങ്ങളായി പാട്ടിന് ഈണം നൽകി അവതരിപ്പിക്കാൻ ശ്രമിക്കട്ടെ.

ഗ്രൂപ്പുകളുടെ അവതരണത്തിന് ശേഷം ടീച്ചറും കുട്ടികളും ചേർന്ന് പാട്ട് ഈണത്തിൽ പാടാം.

ആശയ ഗ്രഹണത്തിന് സഹായകമാകുന്ന ചില ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പറയട്ടെ.

### പാദങ്ങൾ പിരിച്ച് പറയുക

ഏതെല്ലാം പദങ്ങൾ ചേർന്നു വന്ന പദക്കൂട്ടമാണ് എന്ന് തിരിച്ചറിയുന്നതോടൊപ്പം കവിതയുടെ/പാട്ടിന്റെ ആശയം ഗ്രഹിക്കുന്നതിന് കൂടി സഹായകമായ ഒരു പ്രവർത്തനമാണിത്. ഒന്നോ രണ്ടോ ഉദാഹരണങ്ങൾ ക്ലാസിൽ പൊതുവായി ചെയ്യാം. തുടർന്ന് പുസ്തകത്തിലെ പ്രവർത്തനം ക്ലാസ്സിൽ കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. പൊതുവായി അവതരിപ്പിക്കുന്നത്തിനും മെച്ചപ്പെടുത്തൽ ആവശ്യമുണ്ടെങ്കിൽ ചെയ്യാനും അവസരം നൽകുമല്ലോ?

### പദസൂര്യൻ പൂർത്തീകരിക്കാം

ഓണവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന ചർച്ചയിലൂടെയും മറ്റും നിരവധി പദങ്ങൾ കുട്ടികൾക്ക് പരിചിതമായിട്ടുണ്ടാവും. ഇവ ചേർത്ത് പദസൂര്യൻ വ്യക്തിഗതമായി പൂർത്തീകരിക്കട്ടെ. പരസ്പരം പങ്കുവെച്ച് മെച്ചപ്പെടുത്തുന്നതിനും പൊതു അവതരണത്തിനും അവസരം ഒരുക്കുമല്ലോ.

**ഓണത്തെക്കുറിച്ച് വാക്യങ്ങൾ തയ്യാറാക്കുക (വർക്ബുക്)**

മേൽപ്രവർത്തനത്തിന്റെ തുടർച്ചയായി ഇത് നടത്താം. വ്യക്തിഗതമായി തയ്യാറാക്കുന്ന വാക്യങ്ങൾ ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും അവസരം നൽകുമല്ലോ. കുട്ടികൾ പറയുന്ന മികച്ച വാക്യങ്ങൾ ചാർട്ട് ചെയ്ത് പ്രദർശിപ്പിക്കാം.

**ഓണവുമായി ബന്ധപ്പെട്ട ചൊല്ലുകൾ എഴുതാമോ ?**

ഓണവുമായി ബന്ധപ്പെട്ട ചൊല്ലുകൾ ശേഖരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ആശയം ചർച്ച ചെയ്യുന്നതിനും സഹായകമായ പ്രവർത്തനമാണിത്. പാഠപുസ്തകത്തിൽ നൽകിയ ചൊല്ലുകൾ ക്ലാസ്സിൽ പൊതുവായി അവതരിപ്പിച്ച് ചർച്ച ചെയ്യുമല്ലോ? കൂടുതൽ ചൊല്ലുകൾ കുട്ടികൾ ശേഖരിച്ചെഴുതി അവതരിപ്പിക്കട്ടെ. ആശയത്തെക്കുറിച്ച് ലഘു ചർച്ചയാവാം.

**പകരം പദം കണ്ടെത്തി എഴുതാം**

പാഠഭാഗം വായിച്ച് പദങ്ങൾ കണ്ടെത്തി എഴുതട്ടെ.

ക്ലാസ്സിൽ പൊതുവായി അവതരിപ്പിച്ച് മെച്ചപ്പെടുത്താൻ അവസരം നൽകുമല്ലോ ?

മാതൃക പോലെ എഴുതാം (വർക്ക് ബുക്ക്) വ്യക്തിഗതമായി എഴുതട്ടെ പരിശോധിച്ച് മെച്ചപ്പെടുത്താൻ സഹായിക്കുമല്ലോ?

**നമ്മുടെ നാട്ടിലെ ആഘോഷങ്ങൾ**

വിവിധ ആഘോഷങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ചയാകാം

കുട്ടികൾ പറയുന്ന ആഘോഷങ്ങൾ ബോർഡിൽ/ചാർട്ടിൽ ലിസ്റ്റ് ചെയ്യാം.

ഓരോന്നിന്റെയും സവിശേഷതകളെ കുറിച്ചും ചർച്ചയാകാം.

**എന്റെ ഓണം/ എന്റെ പെരുന്നാൾ**

പലതരം ആഘോഷങ്ങളെ കുറിച്ച് ചർച്ച ചെയ്തു. ഇതിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടമായ ആഘോഷ ദിനം ഏത്?

ഇത്തരം ആഘോഷ ദിനത്തിലെ മറക്കാനാവാത്ത അനുഭവങ്ങൾ എന്തൊക്കെ?

അനുഭവങ്ങൾ പറയാൻ കുറച്ചു പേർക്ക് അവസരം നൽകാം തുടർന്ന് എല്ലാവരും അവരവരുടെ അനുഭവം എഴുതട്ടെ. അവതരണത്തിനും മെച്ചപ്പെടുത്തലിനും തെറ്റുകൾ തിരുത്തുന്നതിനും അവസരം ഒരുക്കുമല്ലോ?

**ഓണക്കാലത്തെ കാഴ്ചകൾ (വർക്ക്ബുക്ക്)**

ഓണക്കാല കാഴ്ചകളെക്കുറിച്ച് ചർച്ചയാവാം. ചർച്ചയ്ക്ക്ശേഷം വ്യക്തിഗതമായി എഴുതട്ടെ. പരിശോധിച്ചു തെറ്റുകൾ തിരുത്തുവാൻ സഹായിക്കുമല്ലോ?

**പാടി രസിക്കാം**

നാടൻപാട്ട് ടീച്ചറും കുട്ടികളും ചേർന്ന് താളത്തിൽ പാടാം കുട്ടികളുടെ ഗ്രൂപ്പുകൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുമല്ലോ?

**പൂക്കളത്തിനു നിറം കൊടുക്കാമോ?**

വ്യക്തിഗതമായി ചെയ്യട്ടെ.

ഗ്രൂപ്പിൽ പ്രദർശിപ്പിച്ചു മികച്ചവ കണ്ടെത്തട്ടെ.

ക്ലാസ് തലത്തിലെ മികച്ചവയും കണ്ടെത്താം, അഭിനയിക്കാം, പൂക്കളപ്രദർശനവുമാവാം

**വരികൾ കൂട്ടിച്ചേർക്കൂ (വർക്ക്ബുക്ക്)**

വ്യക്തിഗതമായി ചെയ്യട്ടെ. ക്ലാസ്സിൽ അവതരണത്തിന് അവസരം നൽകി മികച്ച വരികൾ അവതരിപ്പിക്കുക.

**പാഠം 7**

# വീരൻ കുഞ്ചു

*ഫാന്റസി കുട്ടികൾക്ക് ഇഷ്ടമാണ് ഫാന്റസി കഥകൾ വായിക്കാനും പറയാനും കുട്ടികൾ താല്പര്യം കാണിക്കും 'കുഞ്ചു' എന്ന ആനയുടെ കഥയാണ് പാഠഭാഗം കഥകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നതിനു ഈ പാഠഭാഗത്തിലൂടെ കഴിയണം. സർഗാത്മക ചിന്തയിലേക്ക് കുട്ടികളെ കൊണ്ടുപോകാൻ അധ്യാപികക്ക് കഴിയണം.*

**നേടേണ്ട ശേഷികൾ**

- കഥകൾ കേട്ട് ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- കഥകൾ വായിച്ചു ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- ആശയം സംഭാഷണ രൂപത്തിൽ എഴുതുന്നതിന്.
- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിഞ്ഞു പ്രയോഗിക്കുന്നതിന്.
- തന്റേതായ രീതിയിൽ കഥകൾ എഴുതുന്നതിന്.

**പാഠാവതരണം**

ആനയുടെ കഥ കുട്ടികൾക്ക് അറിയാവുന്നതു പറയട്ടെ.

പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷിക്കട്ടെ, ആരൊക്കെയുണ്ട് ചിത്രത്തിൽ?

ഈ കഥാപാത്രങ്ങളുള്ള ഒരു കഥ ഉണ്ടാക്കി പറയാമോ?

ഏതാനും പേർക്ക് അവസരം നൽകുന്നു.

കുഞ്ചു എന്ന ധൈര്യശാലിയുടെ കഥ ആദ്യഭാഗം ടീച്ചർ പറയുന്നു - പാറയാണെന്ന് കരുതി ആനപ്പുറത്തു കയറിയ കുഞ്ചു എന്ത് ചെയ്തിട്ടുണ്ടാകും?

കുട്ടികൾ പറയട്ടെ -

പാഠഭാഗം സ്വന്തമായി വായിക്കട്ടെ കണ്ടെത്തൽ അവതരിപ്പിക്കുന്നു.

ടീച്ചർ കഥ ഭാവത്തോടെ വായിക്കുന്നു.

ലഘുചോദ്യങ്ങൾ ചോദിക്കുന്നു. പാഠഭാഗം ആശയവ്യക്തത വരുത്തുന്നു. പ്രയാസമുള്ള പദങ്ങൾ കണ്ടെത്തുന്നു. അർത്ഥം ചർച്ച ചെയ്ത് വ്യക്തത വരുത്തുന്നു.

**വാക്കുകൾ ക്രമപ്പെടുത്തി വാക്യം എഴുതുക**

മാതൃകയിൽ പറയുന്ന പദങ്ങൾ വായിക്കുന്നു. ആ പദങ്ങൾ ചേർത്ത് വാക്യം ശരിയാക്കി പറയാമോ. പ്രവർത്തനത്തിലെ വാക്യം വായിക്കുന്നു. ആ വാക്യം പാഠപുസ്തകത്തിൽ നിന്നും കണ്ടെത്തുന്നു.

തുടർന്ന് മറ്റ് രണ്ടു വാക്യങ്ങളിലും പദങ്ങൾ ക്രമീകരിച്ച് ശരിയാക്കട്ടെ. പാഠപുസ്തകത്തിൽ നിന്നും ആ വാക്യം കണ്ടെത്തി വിലയിരുത്തട്ടെ.

**പുതിയ അക്ഷരം ചേർത്ത് പദങ്ങളുണ്ടാക്കാം**

മാതൃകയിലെ പദങ്ങൾക്ക് വന്ന മാറ്റം ചർച്ച ചെയ്യുന്നു. അടിയിൽ വരയിട്ട അക്ഷരം മാത്രം മാറ്റി പുതിയ പദങ്ങൾ എഴുതിയത് പോലെ മറ്റ് പദങ്ങളും എഴുതട്ടെ.

**ഉത്തരം കണ്ടെത്തി പറയാം, എഴുതാം**

ചോദ്യങ്ങൾക്കുത്തരം കുട്ടികൾ കണ്ടെത്തി പറയട്ടെ, ടീച്ചർ ബോർഡിലെഴുതാം. കുട്ടികൾ മെച്ചപ്പെടുത്തുന്നു.

**കാട്ടിലെ മൃഗങ്ങളുടെ പേരെഴുതുക (വർക്ക്ബുക്ക്)**

വ്യക്തിഗതമായി മൃഗങ്ങളുടെ പേരെഴുതുന്നു. ഇവയിൽ ഇഷ്ടപ്പെട്ട മൃഗത്തിന്റെ പ്രത്യേകതയും എഴുതട്ടെ. എഴുതാത്ത കുട്ടികൾക്ക് പറയാൻ അവസരം നൽകിയ ശേഷം എഴുതിക്കാം.

**സംഭാഷണമെഴുതാം**

സംഭാഷണ സന്ദർഭം ടീച്ചർ അവതരിപ്പിക്കുന്നു. തുടർന്ന് ആനയും കുഞ്ചുവും തമ്മിൽ നടന്നിരിക്കാനിടയുള്ള സംഭാഷണം എഴുതുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തി റോൾ പ്ലേയായി അവതരിപ്പിക്കാം, മെച്ചപ്പെട്ട സംഭാഷണം ടീച്ചർ പൊതുവായി അവതരിപ്പിക്കുമല്ലോ.?

**പദങ്ങൾ പിരിച്ചെഴുതാം**

മാതൃകയിൽ കൊടുത്ത പദം പിരിച്ചെഴുതുന്ന വിധം ടീച്ചർ ക്ലാസ്സിൽ ചർച്ച ചെയ്യുന്നു.

തുടർന്ന് ക്ലാസ്സിൽ മറ്റ് പദങ്ങൾ ഓരോന്നും പിരിച്ചെഴുതി അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് മെച്ചപ്പെടുത്തി ബോർഡിലെഴുതുന്നു. കുട്ടികൾ മെച്ചപ്പെടുത്തി എഴുതട്ടെ.

**ഈ ചിഹ്നങ്ങൾ ചേർന്നു വരുന്ന എത്രപദങ്ങൾ (വർക്ക്ബുക്ക്, ടെക്സ്റ്റ്ബുക്ക്)**

പട്ടികയിൽ നൽകിയിരിക്കുന്ന ചിഹ്നവും അതിന് താഴെ കൊടുത്ത പദങ്ങളും വായിച്ച ശേഷം പട്ടിക പൂർത്തിയാക്കട്ടെ, തുടർന്ന് വർക്ക് ബുക്ക് പ്രവർത്തനം ചെയ്യാം.

**മാതൃക പോലെ എഴുതുക**

മാതൃക വായിച്ച് ചർച്ച ചെയ്ത ശേഷം മറ്റു പദങ്ങൾ ചേർത്തെഴുതി ക്ലാസിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു.

**കൂട്ടുകാരെ കണ്ടെത്തി എഴുതൂ (വർക്ക്ബുക്ക്)**

പര്യായപദങ്ങൾ കണ്ടെത്തുന്ന പ്രവർത്തനമാണിത്. കുട്ടികൾ എഴുതട്ടെ. മെച്ചപ്പെടുത്തിയാൽ മതി.

**കഥ മാറ്റി എഴുതാം (വർക്ക്ബുക്ക്)**

കഥയുടെ സന്ദർഭം ക്ലാസിൽ ചർച്ച ചെയ്യുന്നു. കുട്ടികൾ സ്വന്തമായി കഥ എഴുതട്ടെ. ഓരോ കഥയും ടീച്ചർ വിലയിരുത്തണം. കഥയുടെ തുടക്കം, ഒടുക്കം, കഥാപാത്രങ്ങളുടെ വിവരണം, കഥയുടെ ഭാഷ, തുടർച്ച, വാക്യങ്ങളുടെ ക്രമം, ഭാവന എന്നിവയെല്ലാം വിലയിരുത്തലിൽ പരിഗണക്കണം.

### പാഠം 8

# വിദ്യാലയം

*കുട്ടിക്കാലത്ത് ജോലികൾ ചെയ്യാൻ മടിയുള്ളവരാണ് അധിക പേരും. പ്രകൃതിയിൽ എല്ലാ ജീവജാലങ്ങളും അവരവരുടെ തൊഴിലുകളിൽ ഏർപ്പെടുന്നു. എല്ലാ ജോലിയും മഹത്തരമാണ്. എന്നും ജോലി ചെയ്യാനുള്ള മനോഭാവം കുട്ടിക്കാലത്തു തന്നെ നേടിയെടുക്കണം എന്ന സന്ദേശമാണ് വിദ്യാലയം എന്ന കവിതയിലൂടെ വിവരിക്കുന്നത്. അതിനോടൊപ്പം പ്രശസ്ത എഴുത്തുകാരുടെ കവിതകൾ പരിചയപ്പെടാനും അവസരം ഒരുക്കുന്നു.*

**നേടേണ്ട ശേഷികൾ**

- കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- ലഘുവാക്യങ്ങൾ എഴുതുന്നതിന്.
- സ്വന്തം വിദ്യാലയത്തെ സ്നേഹിക്കുന്നതിന്.
- വരികൾ കൂട്ടിച്ചേർത്ത് കവിത എഴുതുന്നതിന്.
- ലഘു വിവരണം തയ്യാറാക്കുന്നതിന്.
- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനും.

**പാഠാവതരണം**

കുട്ടികൾക്ക് പേപ്പർ നൽകുന്നു.

സ്വന്തം സ്കൂളിന്റെ ചിത്രം വരക്കട്ടെ. നിറം നൽകാം. ടീച്ചർ ചോദ്യം ഉന്നയിക്കുന്നു. നിങ്ങൾക്ക് നിങ്ങളുടെ സ്കൂൾ ഇഷ്ടമല്ലേ.? സ്കൂളിൽ വരുന്ന വഴിയിൽ നിങ്ങൾ ഏതൊക്കെ ജീവികളെ കണ്ടു.

**ലഘുചർച്ച**

ഒരു കുട്ടി, സ്കൂളിൽ പോകാൻ മടിയുള്ള കുട്ടി, സ്കൂളിൽ പോകാൻ ഇറങ്ങിയിട്ട് എന്തു ചെയ്തു എന്നറിയണ്ടേ?

കുട്ടികൾ സ്വന്തമായി കവിത വായിക്കട്ടെ മനസ്സിലായവ പങ്കുവെക്കട്ടെ.

ടീച്ചർ കവിത ഈണത്തിൽ ചൊല്ലുന്നു.

കുട്ടികൾ ഏറ്റു ചൊല്ലുന്നു.

ലഘുചോദ്യങ്ങൾ ചോദിക്കുന്നു.

**ഉത്തരം പറയാം എഴുതാം**

ടീച്ചർ ചോദ്യങ്ങൾ ഓരോന്നായി ചോദിക്കുന്നു. ആശയം വിശദമാക്കുന്നതിന് പാഠഭാഗം വീണ്ടും വായിക്കുന്നു. അർത്ഥം അറിയാത്ത പദങ്ങളുടെ അർത്ഥ വ്യക്തത വരുത്തുന്നു.

**പകരം പദം കണ്ടെത്തൽ**

അർത്ഥ വ്യക്തത പ്രയോഗിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

പാഠഭാഗത്തുനിന്നും പകരം പദം കണ്ടെത്തി. വ്യക്തിഗതമായി എഴുതി അവതരിപ്പിക്കുന്നു. ക്ലാസിൽ പൊതുവായി ചർച്ച ചെയ്ത് വ്യക്തതവരുത്തുന്നു.

**വരികൾ കണ്ടെത്തി എഴുതുക**

കവിതാഭാഗത്തിന്റെ ആശയം വ്യക്തമായോ എന്നറിയുന്നതിനും വ്യക്തത വരുത്തുന്നതിനുമുള്ള പ്രവർത്തനമാണിത്.

പ്രവർത്തനത്തിലെ വാക്യങ്ങൾ വായിച്ച് ആശയം ചർച്ച ചെയ്യുന്നു. തുടർന്ന് കുട്ടികൾ കവിതാ ഭാഗത്തു നിന്ന് സ്വന്തമായി വരികൾ കണ്ടെത്തി എഴുതട്ടെ. അവതരിപ്പിച്ച് വ്യക്തതവരുത്തുന്നു.

**കളത്തിൽ ഒളിഞ്ഞിരിക്കുന്ന ജീവികളെ കണ്ടെത്തി എഴുതുക**

കളങ്ങളിലെ അക്ഷരങ്ങൾ നിരീക്ഷിക്കുന്നു. എത്ര ജീവികളുടെ പേര് കളത്തിൽ നിന്നും കണ്ടെത്താം. കുട്ടികൾ സ്വന്തമായി കണ്ടെത്തി അവതരിപ്പിക്കുന്നു. പൊതുവായി അവതരിപ്പിച്ച് കൂട്ടിച്ചേർക്കാം.

**പദസൂര്യൻ പൂർത്തിയാക്കാം**

പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്. പദസൂര്യനിൽ എഴുതിയ പദങ്ങൾ വായിക്കുന്നു.

ഈ പദങ്ങൾക്ക് വിദ്യാലയവുമായി എന്താണ് ബന്ധം? ചർച്ച ചെയ്യുന്നു.

ഇതുപോലെ വിദ്യാലയവുമായി ബന്ധപ്പെട്ട മറ്റെന്തൊക്കെ പദങ്ങൾ നിങ്ങൾക്കറിയാം? ലഘുചർച്ചക്കു ശേഷം വ്യക്തിഗതമായി എഴുതാം.

ആരാണ് കൂടുതൽ പദങ്ങൾ എഴുതിയത്?

ക്ലാസ്സിൽ അവതരിപ്പിച്ച് കൂട്ടിച്ചേർക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു.

**വാക്യങ്ങൾ എഴുതൂ**

വിദ്യാലയവുമായി ബന്ധപ്പെട്ട ധാരാളം പദങ്ങൾ നാം എഴുതിയല്ലോ. ഇനി ഇവ ചേർത്ത് ലഘുവാക്യങ്ങൾ ഉണ്ടാക്കാമോ?

ലഘുവാക്യങ്ങൾ മാതൃകയായി ടീച്ചർ നൽകുന്നു. കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. അവതരണ സമയത്ത് ടീച്ചർ ബോർഡിൽ എഴുതുന്നു. കുട്ടികൾ കൂട്ടിച്ചേർക്കുന്നു.

**ഈ പദങ്ങൾ ചേർത്ത് എത്ര വാക്യങ്ങൾ ഉണ്ടാക്കാം (വർക്ക്ബുക്ക്)**

ലഘുവാക്യങ്ങൾ കുട്ടികൾ സ്വന്തമായി എഴുതട്ടെ. കളി, കുട്ടി എന്നീ പദങ്ങൾ ചേർത്ത് ഒന്നു രണ്ടു വാക്യങ്ങൾ പറയാം. പിന്നീട് കുട്ടികൾ എഴുതട്ടെ. എഴുതിയവ അവതരിപ്പിക്കണം

**ഇഷ്ടപ്പെട്ട വരികൾ കണ്ടെത്താം**

പാഠഭാഗം വായിച്ച് ആസ്വദിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

കുട്ടികൾ ഇഷ്ടപ്പെട്ട വരികൾ നോട്ടുബുക്കിൽ എഴുതുന്നു. ഇഷ്ടപ്പെടാനുള്ള കാരണം ചർച്ച ചെയ്യാം.

ഏതൊക്കെത്തരത്തിൽ ഇഷ്ടപ്പെടാം. ഈണം, താളം, ആശയം, പ്രയോഗം, ഉപമ തുടങ്ങിയവ ചർച്ച ചെയ്യണം.

**കളിക്കൂട്ടുകാർ**

നിങ്ങൾക്കും കൂട്ടുകാരായി പക്ഷികളോ ചെറുജീവികളോ ഉണ്ടോ? കുട്ടികൾ കൂട്ടുകാരുടെ ചിത്രം വരക്കട്ടെ. നോട്ടുബുക്കിലോ പേപ്പറിലോ ആവാം. കൂട്ടുകാരുടെ പേരും എഴുതണം.

**പഴഞ്ചൊല്ല്**

കവിതയിലെ ആശയം വ്യക്തമാക്കുന്ന പഴഞ്ചൊല്ലുകളാണ് കൊടുത്തിരിക്കുന്നത്. വായിച്ച് അർത്ഥം ചർച്ച ചെയ്യാം. നോട്ടുബുക്കിൽ എഴുതിയ ശേഷം കൂടുതൽ പഴഞ്ചൊല്ല് എഴുതട്ടെ.

**ജോലികൾ കണ്ടെത്തി എഴുതുക**

ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിക്കുന്നതിനും പ്രകൃതിയെ സ്നേഹിക്കുന്നതിനും പ്രകൃതിയിൽ

നിന്നും പാഠങ്ങൾ പഠിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കണം.

ജീവികളുടെ ജോലികൾ വായിക്കുന്നു. ലഘു ചർച്ചയ്ക്കു ശേഷം വ്യക്തിഗതമായി എഴുതട്ടെ. ടീച്ചർ വിലയിരുത്തി ശേഷം മെച്ചപ്പെടുത്തുന്നു.

## സ്കൂളിനെക്കുറിച്ച് എഴുതിനോക്കൂ (വർക്ക്ബുക്ക്)

മുമ്പ് വരച്ച സ്വന്തം സ്കൂളിന്റെ ചിത്രവും പദസൂര്യനും ലഘുവാക്യങ്ങളും ചർച്ച ചെയ്ത ശേഷം കുട്ടികൾ സ്കൂളിനെക്കുറിച്ച് ലഘുവിവരണം എഴുതട്ടെ. വിലയിരുത്തി കൂട്ടിച്ചേർക്കാം.

## പാടിനോക്കാം കൂട്ടിച്ചേർക്കാം

സ്വന്തമായി വരികൾ കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവർത്തനമാണിത്.

ജോലികളും ജീവികളും തമ്മിലുള്ള ബന്ധം ചർച്ച ചെയ്തതാണ്.

പാഠഭാഗത്തുള്ള 'പച്ചക്കുതിരേ ചങ്ങാതി' എന്ന കവിത ഭാഗം വായിച്ച് ചർച്ച ചെയ്യുന്നു. ഈണത്തിൽ ചൊല്ലുന്നു. താളം ഉറപ്പിക്കുന്നു. കുട്ടികൾ കൈകൊട്ടി താളം പാടട്ടെ. തുടർന്ന് ഇതേ താളത്തിൽ മറ്റു ജീവികളും ജോലിയും ചേർത്ത് വരികൾ എഴുതട്ടെ.

കുട്ടികൾ എഴുതിയ വരികൾ ക്ലാസിൽ അവതരിപ്പിക്കുന്നു. എല്ലാ കവിതകളെയും പ്രോത്സാഹിപ്പിക്കണം. മെച്ചപ്പെട്ടവ ബോർഡിൽ എഴുതുന്നു.

## ചിഹ്നങ്ങൾ ചേർത്ത് പദങ്ങളെഴുതാം

കുട്ടികൾ ചിഹ്നങ്ങൾ പരിശോധിച്ച് പദങ്ങൾ നിർമ്മിച്ച് കളങ്ങളിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തണം. മെച്ചപ്പെടുത്തണം.

## വേഗത്തിൽ പറയാം

മത്സരമായി സംഘടിപ്പിക്കാം, ടീച്ചറും കുട്ടികളും ഒന്നിച്ച് പറയട്ടെ, ഭാഷ ആസ്വാദനം ലക്ഷ്യമിട്ട പ്രവർത്തനമാണിത്.

പാഠം 9

# സനയുടെ ഡയറി

*രണ്ടാം ക്ലാസ്സിലെത്തുന്നതോടെ വിത്യസ്ത ഭാഷാ വ്യവഹാര രൂപങ്ങൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം വേണം. കഥകളും കവിതകളും സംഭാഷണവും വിവരണവും ഇതിനകം പരിചയപ്പെട്ടു കഴിഞ്ഞു.*

*സ്വന്തം അനുഭവങ്ങളെ ഡയറിക്കുറിപ്പിന്റെ രൂപത്തിൽ പരിചയപ്പെടുത്തുകയാണിവിടെ. എല്ലാ ജീവികളും ജോലികൾ ചെയ്യുന്നു. സ്വയം വിലയിരുത്തി ജോലി ചെയ്യാനുള്ള മനോഭാവം ഉണ്ടാകുന്നതിനും നല്ല ശീലങ്ങൾ രൂപപ്പെടുത്തുന്നതിനും ഈ പഠനത്തിലൂടെ കഴിയണം*

**നേടേണ്ട ശേഷികൾ**

- ഡയറിക്കുറിപ്പുകളുടെ ആശയം ഗ്രഹിക്കുന്നതിന്.
- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിഞ്ഞു പ്രയോഗിക്കുന്നതിന്.
- അനുഭവങ്ങൾ ഡയറിക്കുറിപ്പ് രൂപത്തിൽ എഴുതുന്നതിന്.
- നല്ല ശീലങ്ങൾ രൂപപ്പെടുത്തുന്നതിന്.
- ലഘു വാക്യങ്ങൾ എഴുതുന്നതിന്.

**പാഠാവതരണം**

ടീച്ചർ ചോദ്യം ഉന്നയിക്കുന്നു.
ഇന്ന്, ഇതുവരെ നടന്ന നിങ്ങളുടെ അനുഭവങ്ങൾ ക്രമത്തിൽ പറയാമോ?
ഏതാനും കുട്ടികൾ പറയട്ടെ.
ഇന്നലെ നടന്ന സംഭവങ്ങൾ ക്രമത്തിൽ ഓർമിച്ചുനോക്കൂ.
കുട്ടികൾ ഓർമിച്ചു പറയട്ടെ.
ഓരോ സംഭവവും ഉണ്ടായപ്പോൾ എന്ത് തോന്നി?
ഗുണമായിരുന്നോ ദോഷമായിരുന്നോ?
അനുഭവങ്ങൾ നല്ലതായിരുന്നോ? ചീത്തയായിരുന്നോ? ലഘു ചർച്ച
എഴുതി നോക്കിയാലോ? – ഇതിനെ ഡയറി എഴുതുക എന്ന് പറയാം കുട്ടികൾ ഏതാനും വരികൾ എഴുതട്ടെ.

ചിലതു വായിക്കുന്നു. 'തുടർന്ന് സനയുടെ ഡയറി' എന്ന പാഠത്തിന്റെ ആദ്യഭാഗം ടീച്ചർ ഉറക്കെ വായിക്കുന്നു-തുടർന്ന് കുട്ടികൾ വായിക്കട്ടെ

ടീച്ചർ ലഘു ചോദ്യങ്ങളിലൂടെ ആശയം ചർച്ച ചെയ്യുന്നു ഡയറിക്കുറിപ്പ് എന്ന രൂപത്തിൽ എഴുതിയ രീതിയും ചർച്ച ചെയ്യുന്നു. അർഥം അറിയാത്ത പദങ്ങളുടെ അർത്ഥം കണ്ടെത്തി എഴുതാം.

നിങ്ങൾ ഇന്ന് ചെയ്ത കാര്യങ്ങൾ പാഠപുസ്തകത്തിൽ പൂരിപ്പിച്ചെഴുതാം.
സന ഡയറി എഴുതിക്കഴിഞ്ഞു.
ഉമ്മ എന്താണ് സനയോട് പറയാറുള്ളത്?
പാഠഭാഗം കുട്ടികൾ സ്വയം വായിക്കട്ടെ കുട്ടികൾ വായിച്ച ശേഷം ടീച്ചറുടെ വായന –ലഘു ചോദ്യങ്ങൾ

ചോദിക്കുന്നു, ആശയം ചർച്ച ചെയ്യുന്നു. സന രണ്ടാം ദിവസം എഴുതിയ ഡയറിയിൽ ഉള്ളത് എന്തെല്ലാം. രചനാരീതി ചർച്ച ചെയ്യാം.

**ഉത്തരം എഴുതാം (ടെക്സ്റ്റ്ബുക്ക് – വർക്ക്ബുക്ക്)**

ചോദ്യങ്ങൾ ഓരോന്നായി വായിക്കുന്നു.

കുട്ടികൾ സ്വയം പാഠഭാഗത്തു നിന്ന് ഉത്തരം കണ്ടെത്തുന്നു.

അവതരണത്തിനു ശേഷം ചർച്ച മെച്ചപ്പെടുത്തൽ –വർക്ക് ബുക്കിലെ ചോദ്യങ്ങൾക്കു ഉത്തരം ഹോം വർക്ക് ആയി നൽകുന്നു.

**മാതൃക പോലെ എഴുതാം (ടെക്സ്റ്റ്ബുക്ക് – വർക്ക്ബുക്ക്)**

പദങ്ങൾ ചേർത്തി എഴുതുന്നതിനുള്ള പ്രവത്തനമാണിത്. പദങ്ങൾ രണ്ടും വായിച്ചു ചേർത്ത് പറയട്ടെ തുടർന്ന് മാതൃക വായിക്കുന്നു. ചർച്ചയ്ക്ക് ശേഷം മറ്റു പദങ്ങൾ ചേർത്തെഴുതാം.

തുടർന്ന് വർക്ക് ബുക്കിലെ 'മാതൃക പോലെ എഴുതാം' എന്ന പ്രവർത്തനം ചെയ്യട്ടെ വർക്ക് ബുക്കിലെ യോജിച്ച പദങ്ങൾ തെരഞ്ഞെടുത്തു ചേർത്ത് ലഘുവാക്യങ്ങൾ കുട്ടികൾ എഴുതട്ടെ ടീച്ചർ വിലയിരുത്തണം.

**ഡയറി പൂർത്തിയാക്കാമോ?**

ഞായറാഴ്ച്ച സന എഴുതിയ ഡയറിയുടെ ആദ്യ ഭാഗം വായിച്ച് ചർച്ച ചെയ്ത ശേഷം ബാക്കി ഭാഗം കുട്ടികൾ എഴുതട്ടെ, വായിച്ച് അവതരിപ്പിക്കുന്നു.

ടീച്ചർ എഴുതിയ സനയുടെ ഡയറിയുടെ ബാക്കി ഭാഗം ടീച്ചർ വേർഷനായി അവതരിപ്പിക്കുന്നു.

തുടർന്ന് വർക്ക് ബുക്കിലെ 'ഡയറി എഴുതാം' എന്ന പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ: ടീച്ചർ വിലയിരുത്തണം.

**നല്ല ശീലങ്ങൾ**

നല്ല ശീലങ്ങളെ കുറിച്ച് കുട്ടികൾക്ക് ധാരണയുണ്ടാക്കുന്നതിനാണ് ഈ പ്രവർത്തനം. എന്തൊക്കെയാണ് നല്ല ശീലങ്ങൾ?

കുട്ടികൾ പറയട്ടെ: ക്ലാസിൽ ചർച്ചക്ക് ശേഷം പാഠപുസ്തകത്തിൽ നൽകിയ നല്ല ശീലങ്ങൾ വായിച്ച് ചർച്ച ചെയ്യുന്നു– മറ്റെന്തൊക്കെയാണ് നല്ല ശീലങ്ങൾ? വ്യക്തിഗതമായി എഴുതട്ടെ, അവതരിപ്പിക്കട്ടെ.

തുടർന്ന് ചില നല്ല ശീലങ്ങൾ ടീച്ചറും എഴുതി അവതരിപ്പിക്കുന്നു.

**പഠിക്കാം ജോലി ചെയ്യാം. (വർക്ക്ബുക്ക്)**

പ്രവർത്തനത്തിലെ ചോദ്യം വായിച്ച് ചർച്ച ചെയ്ത ശേഷം കുട്ടികൾ വ്യക്തിഘതമായി എഴുതിയത് ടീച്ചർ വിലയിരുത്തുന്നു.

നേരത്തെ ഉണർന്നാൽ

ചോദ്യം വായിച്ച് ചർച്ച ചെയ്താൽ മതി– നേരത്തെ ഉണരണം എന്ന ആശയം കുട്ടികളിൽ എത്തിക്കാനുള്ള പ്രവർത്തനമാണിത്.

**പഴഞ്ചൊല്ല്, വേഗത്തിൽ പറയാം**

ഈ രണ്ട് പ്രവർത്തനങ്ങളും മുൻ പാഠങ്ങളിൽ ചെയ്ത പോലെ ചെയ്യാം.

## പാഠം 10
# മഴവില്ല്

*പ്രകൃതിയിലെ ഓരോ കാഴ്ച്ചയും കുട്ടികളെ സംബന്ധിച്ചിടത്തോളം ഏറെ കൗതുകകരമാണ്. സകല തിനേയും തങ്ങളുടെ കളിക്കൂട്ടുക്കാരായി കാണുന്ന പ്രകൃതമാണ് അവരുടേത്. മഴവില്ലിനോട് ഒരു കളിക്കൂട്ടുകാരനോടെന്നവണ്ണം സംവദിക്കുന്ന നിഷ്ക്കളങ്ക ബാല്യത്തെയാണ് മഹാ കവി ജി. ശങ്കരക്കുറുപ്പ് ഈ കുട്ടിക്കവിതയിലൂടെ അവതരിപ്പിക്കുന്നത്. മലയാളത്തിലെ ആദ്യ ജ്ഞാനപീഠ ജേതാവ് കൂടിയായ മഹാകവി ജി. യെ കുട്ടികൾക്ക് പരിചയപ്പെടുത്താൻ കൂടി ശ്രദ്ധിക്കുമല്ലോ?*

**നേടേണ്ട ശേഷികൾ/ധാരണകൾ**

- കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- കവിതകൾ ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നതിന്.
- സമസ്ത പദങ്ങൾ പിരിച്ച് പറയുന്നതിന്.
- സമാന അർത്ഥ പദങ്ങൾ തിരിച്ചറിയുന്നതിന്.
- അഭിമുഖത്തിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നതിന്.
- കടങ്കഥഥൾക്ക് ഉത്തരം കണ്ടെത്തുന്നത്തിന്.
- പദങ്ങൾ വിശേഷണങ്ങൾ ചേർത്ത് എഴുതുന്നതിന്.

**പാഠഭാഗത്തേക്ക്**

നിങ്ങൾ ആരോടെല്ലാം സംസാരിക്കാറുണ്ട്?
എന്തെല്ലാമാണ് അവരോട് ചോദിക്കാറുള്ളത്?
ജീവനില്ലാത്തവയോട് സംസാരിക്കാറുണ്ടോ?
ഇത്തരം ചോദ്യങ്ങളുന്നയിച്ച് ചർച്ചയാവാം.
ഇവിടെ ഒരു കുട്ടി ആരോടോ സംസാരിക്കുന്നുണ്ട്. ആരോടാണെന്ന് അറിയാമോ?
എന്താണ് കുട്ടി ചോദിക്കുന്നത്?
കുട്ടികൾ കവിത വായിക്കുന്നു.-
ലഘു ചർച്ച - ആരോടാണ് സംസാരിക്കുന്നത്?
ടീച്ചറും കുട്ടികളും ചേർന്ന് കവിത ഈണത്തിൽ ചൊല്ലുന്നു.
ചെറു ഗ്രൂപ്പുകളായി കവിത ഈണത്ത്ിൽ ചൊല്ലി അവതരിപ്പിക്കട്ടെ,

**കണ്ടെത്തി പറയാം, എഴുതാം**

ആശയ ഗ്രഹണത്തിന് സഹായകമായ ചോദ്യങ്ങൾ ടീച്ചർ പൊതുവായി ചോദിക്കുന്നു.

പുസ്തകത്തിൽ കൊടുത്ത ചോദ്യങ്ങൾക്ക് പുറമെ മറ്റു സമാന ചോദ്യങ്ങളും കണ്ടെത്തി അവതരിപ്പിക്കാം?

കുട്ടികൾ ഉത്തരം കണ്ടെത്തി പറയട്ടെ. ചർച്ചക്ക് ശേഷം എഴുതട്ടെ.

**പകരം പദം കണ്ടെത്താം**

കവിതയിലെ പദങ്ങൾ പരിചയപ്പെടുന്നതിനുള്ള പ്രവർത്തനമാണ്, വ്യക്തിഗതമായി കണ്ടെത്തി അവ

തരിപ്പിക്കട്ടെ. ക്ലാസിൽ പൊതുവായി അവതരിപ്പിക്കുകയും തെറ്റുന്നവർക്ക് തിരുത്താൻ അവസരം നൽകുകയും ചെയ്യുമല്ലോ.

**എത്ര പദങ്ങൾ**

ഏതാനും ഉദാഹരണങ്ങൾ ക്ലാസ്സിൽ പൊതുവായി ചെയ്യാം. തുടർന്നുള്ളവ കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. പൊതു അവതരണവും ചർച്ചയും മെച്ചപ്പെടുത്തലും നടക്കുമല്ലോ.

**ഒറ്റയാനെ കണ്ടെത്തി വട്ടം വരക്കൂ**

സമാനാർത്ഥ പദങ്ങൾ പരിചയപ്പെടുന്നതിനുള്ള പ്രവർത്തനമാണിത്.

ഗ്രൂപ്പിൽ ചർച്ചക്ക് ശേഷം വ്യക്തിഗതമായി ചെയ്യട്ടെ, പൊതുവായി അവതരിപ്പിച്ച് തെറ്റുകൾ തിരുത്താൻ അവസരം ഒരുക്കുമല്ലോ?

**ചിത്രം വരയ്ക്കൂ, നിറം നൽകൂ(വർക്ക് ബുക്ക്)**

മഴവില്ലിന്റെ ചിത്രം ക്ലാസിൽ പ്രദർശിപ്പിക്കാം.

നിറങ്ങളേതെല്ലാമെന്ന് കുട്ടികൾ പറയട്ടെ. തുടർന്ന് എഴുതട്ടെ.

മഴവില്ലിന്റെ ചിത്രം വ്യക്തിഗതമായി വരച്ച് ക്രയോൺ ഉപയാഗിച്ച് നിറം നൽകട്ടെ. ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുമല്ലോ. മികച്ച ചിത്രങ്ങളെ  അഭിനന്ദിക്കാനും മറക്കല്ലേ!,

**ചോദിക്കാമോ?**

മഴവില്ലിനെ വരച്ചില്ലേ?

കവിതയിലെ കുട്ടി മഴവില്ലിനോട് ചോദിച്ച ചോദ്യങ്ങൾ കേട്ടല്ലോ? നിങ്ങൾക്കീ മഴവില്ലിനോട് മറ്റെന്തല്ലാം ചോദിക്കാനുണ്ട്.

വ്യക്തിഗതമായി ചോദ്യങ്ങൾ തയ്യാറാക്കട്ടെ.ഗ്രൂപ്പിൽ കേന്ദ്രീകരിച്ച് അവതരിപ്പിക്കട്ടെ.

**വിശേഷണം ചേർക്കാം (വർക് ബുക്ക്)**

ചില ഉദാഹരണങ്ങൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കാം. വിശേഷണ പദങ്ങൾ ചേർത്തപ്പോൾ വന്ന മാറ്റങ്ങൾ ചർച്ച ചെയ്യാം.

തുടർന്ന് വ്യക്തിഗതമായി  കുട്ടികൾ  പ്രവർത്തനം ചെയ്യട്ടെ. അവതരണവും മെച്ചപ്പെടുത്തലും നടത്താൻ അവസരം നൽകുമല്ലോ?

**കടങ്കഥ**

കുട്ടികൾ വ്യക്തിഗതമായി ശേഖരിച്ച കടങ്കഥകൾ ക്ലാസിൽ പൊതുവായി പങ്കുവെക്കട്ടെ. ടീച്ചർ ശേഖരിച്ചവയും അവതരിപ്പിക്കുമല്ലോ?

**മഴവില്ലിന്റെ മറുപടി(വർക്ക് ബുക്ക്)**

മഴവില്ലിനോട് കുട്ടി ചോദിച്ച ചോദ്യങ്ങൾ ക്ലാസിൽ കുട്ടികൾ അവതരിപ്പിക്കട്ടെ. മഴവില്ല് പറഞ്ഞ മറുപടി ആദ്യം ക്ലാസിൽ പറയാൻ അവസരം നൽകാം- കുട്ടികളുടെ ഭാവനക്കനുസരിച്ച് മറുപടി നൽകട്ടെ. തുടർന്ന് എഴുതാൻ അവസരം നൽകാം. പരിശോധിച്ച് തെറ്റുകൾ തിരുത്താൻ സഹായിക്കുമല്ലോ?

**പദജോഡികൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കൂ**

അർത്ഥപൂർണ്ണമായ വാക്യങ്ങൾ സ്വന്തമായി നിർമ്മിക്കുന്നതിന് കുട്ടികൾക്ക് പരിശീലനവും സഹായകവുമാകുന്ന പ്രവർത്തനമാണിത്. ഏതാനും ഉദാഹരണങ്ങൾ ക്ലാസിൽ പൊതുവായി ചെയ്യാം. തുടർന്ന് പുസ്തകത്തിൽ നൽകിയവ അവർ വ്യക്തിഗതമായി ചെയ്യട്ടെ.. ക്ലാസിൽ പൊതുവായി അവതരിപ്പിക്കാം. മികച്ച വാക്യങ്ങൾ ബോർഡിലോ ചാർട്ടിലോ എഴുതാം.

**മാതൃക പോലെ എഴുതുക(വർക്ക് ബുക്ക്)**

ഈ രണ്ട് രീതിയിൽ പറയുമ്പോഴും ഉണ്ടാകുന്ന അർത്ഥ വ്യത്യാസം കുട്ടികളുടെ ശ്രദ്ധയിൽ പെടുത്താൻ ശ്രദ്ധിക്കുമല്ലോ? കുട്ടികൾ എഴുതിയ പദങ്ങൾ അവതരിപ്പിച്ച് തെറ്റുണ്ടെങ്കിൽ തിരുത്താൻ സഹായിക്കണേ.

**മഴവില്ല് കാണാം**

മഴവില്ല് കാണാനും സൃഷ്ടിക്കാനും കുട്ടിയെ സഹായിക്കുന്നതിനുള്ള ചില പരീക്ഷണങ്ങൾ ക്ലാസിൽ ഒരുക്കാൻ ശ്രദ്ധിക്കമല്ലോ.?

കണ്ണാടി പരന്ന പാത്രത്തിലെ വെള്ളത്തിൽ പകുതി മുക്കി സൂര്യ പ്രകാശത്തിൽ വെച്ച് പ്രതിഫലിപ്പിച്ച് മഴവില്ലുാക്കാം.

## പാഠം-11

# കൂണിനടിയിൽ

*ഒരുമയുടെയും പരസ്പര സഹകരണത്തിന്റെയും മഹത്വവും പ്രാധാന്യവും കുട്ടികൾക്ക് തിരിച്ചറിയുന്നതിനും അത്തരം ചിന്തകളിലേക്ക് അവരെ നയിക്കുന്നതിനും സഹായകമായ ഒരു പാഠഭാഗമാണിത്. ലളിതമായ ഒരു കഥയാണിവിടെ നൽകിയിരിക്കുന്നത്. കഥയുടെ ആശയവും ഭാഷാപരമായ സവിശേഷതകളും കുട്ടികളിലേക്ക് എത്തിക്കുന്നതോടൊപ്പം കഥ നൽകുന്ന സന്ദേശത്തെ കുറച്ചുകൂടി അവരെ ബോധ്യപ്പെടുത്തുന്നതിനുതകുന്ന ചർച്ചകളും പ്രവർത്തനങ്ങളും ക്ലാസിൽ സംഘടിപ്പിക്കാൻ ശ്രമിക്കുമല്ലോ?*

**നേടേണ്ട ശേഷികൾ, ധാരണകൾ**

- ഒരുമയോടെ നിന്നാൽ ഏതു വെല്ലു വിളികളെയും നേരിടാനാവും എന്ന തിരിച്ചറിവ്.
- കഥകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- വായിച്ച കഥ വാക്യങ്ങൾ ക്രമപ്പെടുത്തി പുനരവതരിപ്പിക്കുന്നതിന്.
- സമസ്ത പദങ്ങൾ പിരിച്ചെഴുതുന്നതിന്.
- പഴഞ്ചൊല്ലുകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- സന്ദർഭത്തിന് യോജിക്കുന്ന പദങ്ങൾ കണ്ടെത്തുന്നതിന്.
- ഒന്നിലേറെ വാക്യങ്ങൾ ചേർത്ത് ഒറ്റവാക്യമായി എഴുതുന്നതിന്.
- സൂചനകൾക്കനുസരിച്ച് കഥകൾ പൂരിപ്പിച്ചെഴുതുന്നതിന്.

**പാഠഭാഗത്തേക്ക്**

ഒരുമയുടെ സന്ദേശം നൽകുന്ന ഒരു കഥ ക്ലാസിൽ പറഞ്ഞ് തുടങ്ങാം.
വേടന്റെ വലയിൽ പെട്ട കിളികൾ ഒന്നിച്ച് പറന്നുയർന്ന് രക്ഷപ്പെട്ട കഥ.
തങ്ങളെ ആക്രമിക്കാൻ വന്ന കടുവയെ ഒന്നിച്ച് എതിർത്ത് തിരിച്ചോടിച്ച പശുക്കൂട്ടത്തിന്റെ കഥ.
മരണ സമയത്ത് മക്കളെ അരികത്ത് വിളിച്ച് ഒറ്റക്കമ്പുകളും കമ്പ് കെട്ടുകളും മുറിക്കാനാവശ്യപ്പെട്ട കഥ
ഇങ്ങനെ ഏതെങ്കിലും കഥ പറയാം.
ഒന്നിച്ച് ഐക്യത്തോടെ നിന്നാലുള്ള നേട്ടത്തെ കുറിച്ച് ലഘു ചർച്ചയാവാം
ഇത് പോലൊരു കഥ പാഠപുസ്തകത്തിലുണ്ട്
എന്താണെന്നറിയണോ?

**കഥ വായിക്കാം**

കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കട്ടെ.
വായിക്കാൻ പ്രയാസമുള്ളവരെ കണ്ടെത്തി സഹായിക്കുമല്ലോ?
വായനക്കു ശേഷം ലഘു ചർച്ചയാവാം.
ആരുടെ കഥയാണ്?
എന്താണ് കഥയിൽ പറയുന്നത്?
ചർച്ചയ്ക്ക്ശേഷം ടീച്ചർ കഥ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

**കണ്ടെത്തി പറയാം**

ആശയ ഗ്രഹണത്തിന് സഹായകമായ ചോദ്യങ്ങൾ ഓരോന്നായി ടീച്ചർ അവതരിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പറയട്ടെ.

ആവശ്യമായ തിരുത്തലുകളും കൂട്ടി ചേർക്കലുകളും നടത്തുമല്ലോ?

**വായിക്കാം**

പ്രയാസകരമായ പദങ്ങൾ ചാർട്ടിലോ ബോർഡിലോ എഴുതി പ്രദർശിപ്പിക്കാം.

ഇവ ശ്രാവ്യ-വായന നടത്താൻ ക്ലാസിൽ അവസരം നൽകാം.

**വാക്യങ്ങൾ കഥയിലേതു പോലെ ക്രമപ്പെടുത്തുക**

വായിച്ചറിഞ്ഞ കഥ ക്ലാസിൽ പറയാൻ ഏതാനും കുട്ടികൾക്ക് അവസരം നൽകാം.

തുടർന്ന് കഥയിലെ വാക്യങ്ങൾ ക്രമം തെറ്റിച്ച് ചാർട്ടിൽ/ ബോർഡിൽ എഴുതി പ്രദർശിപ്പിക്കാം.

കുട്ടികൾ വ്യക്തിഗതമായി വാക്യങ്ങൾ വായിച്ച് ക്രമപ്പെടുത്തി കഥ പൂരിപ്പിക്കട്ടെ...

പൂർത്തീകരിച്ച കഥ  പൊതുവായി അവതരിപ്പിക്കുകയും മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യുമല്ലോ.?

**ഈ ചിഹ്നങ്ങൾ വരുന്ന എത്ര പദങ്ങൾ എഴുതാം(വർക്ക് ബുക്ക്)**

ഏതാനും ഉദാഹരണ പദങ്ങൾ ക്ലാസിൽ പൊതുവായി പറയാം, എഴുതാം. കൂടുതൽ പദങ്ങൾ കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. പരിശോധിച്ച് തെറ്റുകൾ തിരുത്താൻ സഹായിക്കുമല്ലോ?

**വിശേഷണങ്ങൾ ചേർന്ന കൂടുതൽ പദങ്ങൾ (വർക്ക് ബുക്ക്)**

പുസ്തകത്തിൽ നൽകിയതിന് പുറമെ മറ്റു ചില ഉദാഹരണങ്ങൾ കൂടി കുട്ടികൾ ക്ലാസിൽ പറയട്ടെ. കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതട്ടെ. ഗ്രൂപ്പിലും ക്ലാസിലും അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

**അടിവരയിട്ട പദങ്ങൾക്ക് പകരം പാഠഭാഗത്ത്**
**ഉപയോഗിച്ച പദങ്ങൾ കണ്ടെത്തി വാക്യം മാറ്റി എഴുതുക**

കുട്ടികൾ പാഠഭാഗം സ്വയം വായിച്ച് പകരം പദങ്ങൾ കണ്ടെത്തട്ടെ. അവ ചേർത്ത് വാക്യം എഴുതി അവതരിപ്പിക്കട്ടെ. സന്ദർഭങ്ങളിൽ നിന്ന് പദങ്ങളുടെ അർത്ഥം ഊഹിച്ച് കണ്ടെത്തുന്നതിനും പദങ്ങൾ പുതിയ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനും ഈ പ്രവർത്തനം അവസരം ഒരുക്കും.

പിരിച്ചെഴുതാം: ഇത്തരം പ്രവർത്തനം കുട്ടിനേരെത്തെ പരിചയപ്പെട്ടിട്ടുണ്ട്. ഏതാനും സമസ്ത പദങ്ങൾ പിരിച്ച് പറയാൻ അവസരം നൽകാം. തുടർന്ന് വ്യക്തിഗതമായി പ്രവർത്തനം ചെയ്യട്ടെ. കൈമാറി പരിശോധിച്ച് മെച്ചപ്പെടുത്തട്ടെ. പൊതു അവതരണത്തിനും അവസരം നൽകാം..

**മാതൃക പോലെ എഴുതുക(വർക്ക്ബുക്ക്)**

ഒന്നിലേറെ ആശയങ്ങളെ ചേർത്ത് ഒറ്റവാക്യമായി എഴുതുന്നതിനുള്ള പരിശീലനം ഇതിലൂടെ കുട്ടിക്ക് ലഭിക്കും കൂടുതൽ ഉദാഹരണങ്ങൾ ക്ലാസിൽ നൽകാവുന്നതാണ്. ചേർത്തി എഴുതിയപ്പോഴുണ്ടായ മാറ്റങ്ങൾ ചർച്ചയിലൂടെ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുമല്ലോ?

**യോജിക്കുന്ന പഴഞ്ചൊല്ല് ഏത്?**

ഓരോ ചൊല്ലിന്റെയും ആശയത്തെ കുറിച്ച് ലഘു ചർച്ചയാവാം. കഥയുടെ ആശയവും ചർച്ച ചെയ്യുമല്ലോ? കുട്ടികൾക്ക് അനുയോജ്യമായ ചൊല്ലേത് എന്ന് കണ്ടെത്തി പറയട്ടെ. സമാന ആശയമുള്ള മറ്റു ചൊല്ലുകളും കണ്ടെത്തി അവതരിപ്പിക്കട്ടെ.

**കടങ്കഥകളും പഴഞ്ചൊല്ലുകളും ശേഖരിക്കാം(വർക്ക് ബുക്ക്)**

കുട്ടികൾ വ്യക്തിഗതമായി ശേഖരിക്കട്ടെ.

ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് ചാർട്ട് ചെയ്യാം.
വായിക്കാനും ചർച്ചക്കും അവസരം ഒരുക്കുമല്ലോ?

**അക്ഷരങ്ങൾ വരുന്ന പദങ്ങൾ എഴുതാം**

ഏതാനും പദങ്ങൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കാം.കൂടുതൽ പദങ്ങൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ക്ലാസിൽ പൊതുവായി അവതരിപ്പിക്കുകയും ബോർഡിൽ/ചാർട്ടിൽ ലിസ്റ്റ് ചെയ്യുകയും ചെയ്യാം.

ലിസ്റ്റ് ചെയ്ത പദങ്ങൾ പൊതുവായി വായിക്കുന്നതിനും അവസരം ഒരുക്കാം.

**കൂടുതൽ അംഗങ്ങളുണ്ടായാൽ**

ഈ വിഷയം ക്ലാസിൽ പൊതു ചർച്ചയാക്കാം. കുട്ടികൾ അവരുടെ അഭിപ്രായങ്ങൾ സ്വന്തമായി പറയട്ടെ. ആവശ്യമായ ഘട്ടങ്ങളിൽ ടീച്ചർ ഇടപെടുകയും കൂട്ടിച്ചേർത്തലുകൾ നടത്തുകയും ചെയ്യുമല്ലോ?. ചർച്ചക്ക് ശേഷം വ്യക്തിഗതമായി എഴുതട്ടെ. പരിശോധിച്ച് തെറ്റുകൾ തിരുത്തുമല്ലോ?

**കഥ പൂരിപ്പിക്കാം (വർക്ക് ബുക്ക്)**

കുട്ടികൾ കഥ വ്യക്തിഗതമായി പൂർത്തീകരിക്കട്ടെ. തലക്കെട്ട് നൽകാനും നിർദേശിക്കുമല്ലോ.

ഗ്രൂപ്പിലെ മികച്ച കഥകൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കാം. പേപ്പറിലേക്ക് പകർത്തി അനുയോജ്യമായ ചിത്രങ്ങൾ വരച്ച് ചേർക്കാം. മുഴുവൻ കഥകളും ചേർത്ത് കഥാപതിപ്പ് തയ്യാറാക്കുകയുമാവാം.

പാഠം 12

# കുട്ടികളുടെ ചാച്ചാജി

*ജീവചരിത്രം എന്ന വ്യവഹാര രൂപം കുട്ടികളെ പരിചയപ്പെടുത്തുന്നതിനാണ് ഈ പാഠഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനികളിൽ പ്രധാനിയും ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രിയുമായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ജീവ ചരിത്രമാണ് ഇതിനായി നൽകിയിരിക്കുന്നത്. കുട്ടികൾക്ക് ഏറെ പ്രിയങ്കരനായ ചാച്ചാജിയുടെ ജന്മദിനം നാം ശിശുദിനമായിട്ടാണ് ആചരിക്കുന്നത്. ജീവചരിത്രം വായിക്കുന്നതിനും എഴുതുന്നതിനും ഈ പാഠത്തിലൂടെ അവസരം ലഭിക്കണം.*

**നേടേണ്ട ശേഷികൾ**

- ജീവചരിത്രം വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- ജീവചരിത്രം എഴുതുന്നതിന്.
- കഥകൾ വായിച്ച് ആസ്വദിക്കുന്നതിന്.
- ലഘുവാക്യങ്ങൾ എഴുതുന്നതിന്.
- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിഞ്ഞ് എഴുതുന്നതിന്.
- ഭാഷാ കേളികളിൽ ഏർപ്പെടുന്നതിന്.
- ലഘുകുറിപ്പ് തയ്യാറാക്കുന്നതിന്.

**പാഠാവതരണം**

ശിശുദിനം എന്നാണ് ആഘോഷിക്കുന്നത്?
ജവഹർലാൽ നെഹ്റു ആരായിരുന്നു?
ഈ ചോദ്യങ്ങൾ ചോദിച്ച് ചർച്ച ചെയ്യുന്നു.

പാഠപുസ്തകത്തിലെ നെഹ്റുവിന്റെ ചിത്രം കാണിക്കുന്നു. ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് മറ്റെന്തൊക്കെ അറിയാം. ലഘു ചർച്ചക്ക് ശേഷം കുട്ടികൾ പാഠഭാഗം വായിക്കട്ടെ.

ടീച്ചർ പാഠഭാഗം വായിക്കട്ടെ.
ചോദ്യങ്ങൾ ചോദിച്ച് ലഘു ചർച്ചയാവാം.
കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ.

**പകരം പദങ്ങൾ എഴുതാം**

പദങ്ങളുടെ അർത്ഥം കണ്ടെത്തുന്നതിനും പാഠഭാഗം വീണ്ടും വായിക്കുന്നതിനുമുള്ള പ്രവർത്തനമാണിത്.

പദങ്ങൾ ടീച്ചറും കുട്ടികളും വായിക്കുന്നു.

സമാന അർത്ഥം വരുന്ന പദങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി കുട്ടികൾ അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് വ്യക്തത വരുത്തി പാഠപുസ്തകത്തിൽ എഴുതട്ടെ.

**ഉത്തരമെഴുതാം**

ചോദ്യങ്ങൾ ടീച്ചറും കുട്ടികളും വായിക്കുന്നു. കുട്ടികൾ പാഠഭാഗത്തു നിന്ന് ഉത്തരം കണ്ടെത്തി എഴു

തട്ടെ.! ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് വ്യക്തത വരുത്തണം.

**പദങ്ങൾ ക്രമപ്പെടുത്തി വാക്യങ്ങൾ എഴുതാം**

വാക്യങ്ങൾ അർത്ഥപൂർണ്ണമായി എഴുതുന്നതിനുള്ള പരിശീലന പ്രവർത്തനമാണിത്.

പാഠപുസ്തകത്തിലെ വാക്യങ്ങൾ പദങ്ങളുടെ ക്രമം തെറ്റിച്ചാണ് ഇവിടെ എഴുതിയിരിക്കുന്നത്.

പദങ്ങൾ വായിച്ച ശേഷം ഈ പദങ്ങൾ വരുന്ന വാക്യം പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതട്ടെ. ആവശ്യമെങ്കിൽ സ്വന്തമായി വാക്യം ശരിയാക്കാനും അവസരം നൽകാം. ക്ലാസിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്താം.

**മാതൃക പോലെ എഴുതാം**

ബന്ധങ്ങൾ തിരിച്ചറിയുന്നതിനുള്ള പുല്ലിംഗവും സ്ത്രീ ലിംഗവും പരിചയപ്പെടുത്തുകയാണിവിടെ.

പ്രവർത്തനത്തിലെ പദങ്ങൾ വായിച്ച് ബന്ധങ്ങൾ കണ്ടെത്തട്ടെ. ഏതു തരം ബന്ധമാണ്? ചർച്ച:

പുല്ലിംഗം, സ്ത്രീലിംഗം എന്ന് പറയണമെന്നില്ല.

തുടർന്ന് മറ്റ് പദങ്ങളുടെ ബന്ധങ്ങൾ എഴുതട്ടെ. ടീച്ചർ വിലയിരുത്തി ക്ലാസിൽ അവതരിപ്പിക്കാം. ബോർഡിൽ എഴുതാം.

**ചിഹ്നങ്ങൾ ചേർത്ത് വാക്യം ശരിയാക്കാം (വർക്ക്ബുക്ക്)**

പ്രവർത്തനത്തിലെ അടിയിൽ വരയിട്ട പദങ്ങളും വാക്യങ്ങളും വായിക്കുന്നു. പദങ്ങൾ ചിഹ്നമില്ലാതെ തന്നെ വായിക്കണം. കുട്ടികൾ ആ പദങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ ശരിയാക്കി എഴുതിയ ശേഷം പാഠപുസ്തകം നോക്കി വ്യക്തത വരുത്തിയ ശേഷം ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് മെച്ചപ്പെടുത്താം.

**പദങ്ങൾ എഴുതാം (വർക്ക്ബുക്ക്)**

പ്രവർത്തനത്തിലെ അക്ഷരങ്ങൾ ചേർന്നുവരുന്ന വിവിധ പദങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനമാണിത്.

കുട്ടികൾ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനം ചെയ്യട്ടെ. ടീച്ചർ വിലയിരുത്തണം.

**വാക്യങ്ങൾ നിർമ്മിക്കാം**

സ്വതന്ത്രമായ വാക്യരചനക്കുള്ള അവസരമാണിത്. പദങ്ങൾ വായിച്ച് അർത്ഥം ചർച്ച ചെയ്ത് വ്യക്തത വരുത്തിയ ശേഷം ആ പദങ്ങൾ ചേർന്നു വരുന്ന ഓരോ വാക്യവും കുട്ടികൾ പറയട്ടെ. തുടർന്ന് വ്യക്തത വരുത്തിയ ശേഷം വർക്കുബുക്കിൽ എഴുതട്ടെ.

**കുറിപ്പ് തയ്യാറാക്കാം**

ലഘു ജീവിചരിത്രക്കുറിപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനമാണിത്.

ജീവചരിത്രം എഴുതുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം. ആദ്യം എന്തുവേണം? പിന്നെയോ? ലഘു ചർച്ചക്കു ശേഷം ഗാന്ധിജിയെക്കുറിച്ച് പാഠഭാഗത്തു നൽകിയ വിവരങ്ങൾ വായിച്ചു ചർച്ച ചെയ്യുന്നു.

ഈ ആശയം ഉൾകൊണ്ട് ഗാന്ധിജിയുടെ ലഘു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കട്ടെ.

ക്ലാസിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെട്ടവ ചാർട്ടിൽ എഴുതി അവതരിപ്പിക്കാം. ടീച്ചർ വേഷനും അവതരിപ്പിക്കണം. കുട്ടികൾ മെച്ചപ്പെടുത്തട്ടെ.

**കഥ വായിക്കാം**

കുട്ടികൾ കഥ സ്വന്തമായി വായിക്കട്ടെ. കഥ ക്ലാസിൽ പറയട്ടെ. തുടർന്ന് ടീച്ചർ കഥ വായിച്ചു കൊടുക്കുന്നു. കുട്ടികൾ വായിക്കുന്നു. ലഘു ചോദ്യങ്ങൾ ചോദിക്കുന്നു.

**കഥ വായിച്ചാലോ?**

സ്വാതന്ത്ര്യത്തെക്കുറിച്ചും സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയവരെക്കുറിച്ചും ലഘു ചർച്ച.

കുട്ടികൾക്ക് വീട്ടിൽ നിന്ന് സ്വാതന്ത്ര്യ സമരസേനാനികളുടെ പേര് ശേഖരിച്ച് (ചിത്രവും ആവാം)

ക്ലാസിൽ അവതരിപ്പിക്കാം.

**മാതൃക പോലെ എഴുതാം**

മാതൃകയിലെ പദങ്ങളിൽ വന്ന മാറ്റം ചർച്ച ചെയ്യുന്നു. മറ്റ് പദങ്ങളിൽ എന്തു മാറ്റമാണുണ്ടാവുക. കുട്ടികൾ എഴുതുന്നു. അവതരണം- ചർച്ച- മെച്ചപ്പെടുത്തൽ.

**വേഗത്തിൽ പറയാം**

മുൻപാഠങ്ങളിൽ ചെയ്തപോലെ വേഗത്തിൽ പറയാൻ മത്സരം സംഘടിപ്പിക്കാം.

**കുറിപ്പ് തയ്യാറാക്കൂ**

സ്കൂളിൽ നടന്ന ഏതെങ്കിലും ഒരാഘോഷത്തെ പറ്റി കുട്ടികൾക്ക് ലഘുകുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാം.

**കഥകൾ ശേഖരിക്കാം**

ക്ലാസ് ലൈബ്രറിയിൽ നിന്നോ ബാലപ്രസിദ്ധീകരണങ്ങളിൽ നിന്നോ ജവഹർലാൽ നെഹ്റുവിനെക്കുറിച്ചുള്ള കഥകളോ നെഹ്റുവിന്റെ കഥകളോ കുട്ടികൾ ശേഖരിക്കട്ടെ. കഥകൾ ശേഖരിക്കുന്നതിനും വായിക്കുന്നതിനും ഊന്നൽ നൽകുന്ന പ്രവർത്തനമാണിത്. കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റാൻ ഈ പ്രവർത്തനം സഹായിക്കണം.

## പാഠം 13

# കിളി പാടും മരം

*മലയാള ഭാഷയുടെ സൗന്ദര്യം തിരിച്ചറിയാനും മലയാളത്തെ സ്നേഹിക്കാനും പഠിക്കാനും കുട്ടികൾക്ക് കഴിയണം. മാതൃഭാഷയായ മലയാളത്തിന്റെ പ്രത്യേകതകൾ വിവരിക്കുന്ന ഒരു കവിതയാണ് പാഠഭാഗം. കവിതകൾ കേട്ടും ചൊല്ലിയും ആസ്വദിക്കാനും കവിത എന്ന വ്യവഹാര രൂപത്തെപ്പറ്റി കൂടുതൽ പഠിക്കാനും തന്റെ ആശയങ്ങളെ കവിതാ രൂപത്തിൽ എഴുതാനും കുട്ടികൾക്ക് കഴിയണം.*

**നേടേണ്ട ശേഷികൾ**

- കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- കവിതകൾ കേട്ടും ചൊല്ലിയും ആസ്വദിക്കുന്നതിന്.
- ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനും.
- ലഘു വാക്യങ്ങൾ എഴുതുന്നതിന്.
- ലഘു കുറിപ്പുകൾ തയ്യാറാക്കുന്നതിന്.
- ലഘു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നതന്.

**പാഠാവതരണം**

മലയാള ഭാഷയുടെ പ്രത്യേകതകൾ വെളിവാക്കുന്ന ധാരാളം കവിതകളിൽ ഏതെങ്കിലും ഒന്ന് ചൊല്ലി ടീച്ചർ മലയാള ഭാഷയുടെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു. ഇതിന് 'ചൊല്ലാം രസിക്കാം' എന്ന ഭാഗത്തുള്ള കവിതകൾ ഉപയോഗിക്കാം.

ഒ എൻ വി കുറുപ്പ് എന്ന കവിയെ പരിചയപ്പെടുത്താം. ഒ എൻ വിയുടെ കവിതയിൽ മലയാള ഭാഷയെക്കുറിച്ച് എന്തൊക്കെ പറഞ്ഞിട്ടുണ്ട്.

കുട്ടികൾ കവിതാപാഠം വായിച്ച് കണ്ടെത്തൽ അവതരിപ്പിക്കട്ടെ. ആശയ ഗ്രഹണത്തിനുതകുന്ന ലഘു ചോദ്യങ്ങൾ ചോദിക്കാം. തുടർന്ന് കവിത ഈണത്തിൽ ചൊല്ലട്ടെ.

ഓരോ വരിയിലേയും പദങ്ങൾ പരിശോധിച്ച് അർത്ഥവ്യക്തത വരുത്തി കവിതയുടെ ആശയം ചർച്ച ചെയ്യുന്നു.

**യോജിക്കുന്ന പദങ്ങൾ ചേർത്തു വരയ്ക്കാം**

രണ്ടു നിരയിലേയും പദങ്ങൾ പരിശോധിക്കട്ടെ. പാഠഭാഗത്തു നിന്ന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ യോജിപ്പിച്ച് വരക്കട്ടെ. അവതരിപ്പിച്ച് മെച്ചപ്പെടുത്തണം.

**ഇഷ്ടപ്പെട്ട വരികൾ എഴുതുക**

കവിതാസ്വാദനത്തിനുള്ള പ്രവർത്തനമാണിത്. കുട്ടികൾക്ക് കവിതയിലെ ഇഷ്ടപ്പെട്ട വരികളും അതിനുള്ള കാരണവും വ്യക്തിഗതമായി എഴുതാൻ അവസരം നൽകണം.

**ഒരേപോലെ അവസാനിക്കുന്ന പദങ്ങൾ**

പ്രവർത്തനത്തിലെ പദങ്ങൾ വായിച്ച് പ്രത്യേകതകൾ ക്ലാസിൽ ചർച്ച ചെയ്യണം. തുടർന്ന് കുട്ടികൾ പൂരിപ്പിക്കട്ടെ.

**മാതൃക പോലെ എഴുതാം (ടെക്സ്റ്റ് ബുക്ക്, വർക്ക്ബുക്ക്)**

പദങ്ങൾ വായിച്ച് മാതൃകയിൽ നൽകിയ പദങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി പദങ്ങൾ പൂരിപ്പിക്കട്ടെ.

**പദങ്ങളും വാക്യങ്ങളും എഴുതാം**

ഒരേ അക്ഷരം ചേർന്നു വരുന്ന പദങ്ങൾ എഴുതി പട്ടിക പൂരിപ്പിക്കട്ടെ. തുടർന്ന് മാതൃകയിൽ നൽകിയ പോലെ വാക്യങ്ങൾ നിർമ്മിക്കാൻ അവസരം നൽകുന്നു. ക്ലാസിലവതരിപ്പിച്ച് മെച്ചപ്പെടുത്തണം. മത്സരവും ആകാം.

**ഒരേ അർത്ഥമുള്ള പദങ്ങൾ**

പര്യായ പദങ്ങൾ കണ്ടെത്തുന്ന പ്രവർത്തനമാണിത്. കൂടുതൽ പദങ്ങൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് മെച്ചപ്പെടുത്തണം.

**ചൊല്ലാം രസിക്കാം**

കവിതകൾ രണ്ടും വീണ്ടും ചൊല്ലുന്നു.

കുട്ടികൾ ഗ്രൂപ്പുകളായി ഈണത്തിൽ ചൊല്ലട്ടെ.

**വരികൾ ചേർക്കാം (വർക്ക്ബുക്ക്)**

സ്വന്തമായി വിശേഷണം ചേർത്ത് വരികൾ പൂരിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്. വരികൾ വായിച്ച് പ്രത്യേകത കണ്ടെത്തി സ്വന്തമായി വരികൾ നിർമ്മിക്കട്ടെ. ക്ലാസിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ. 'മാതൃക പോലെ എഴുതാം', 'പദച്ചങ്ങല നിർമ്മിക്കാം' എന്നീ വർക്ക്ബുക്ക് പ്രവർത്തനങ്ങൾ തുടർന്ന് നൽകാം.

കേരളം, മലയാളം എന്നിവയെക്കുറിച്ചുള്ള കവിതകൾ ശേഖരിക്കാം

കുട്ടികൾ ശേഖരിച്ച് ബുക്കിലെഴുതട്ടെ. ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകാം.

**കുറിപ്പ് എഴുതാം (ടെക്സ്റ്റ് ബുക്ക്, വർക്ക്ബുക്ക്)**

ലഭിച്ച ആശയങ്ങളെക്കുറിച്ച് രൂപത്തിൽ എഴുതുന്നതിനുള്ള പ്രവർത്തനങ്ങളാണിവ.

ആശയങ്ങൾ ക്ലാസിൽ ചർച്ച ചെയ്യണം. തുടർന്ന് വ്യക്തിഗതമായി എഴുതട്ടെ.

കുറിപ്പിൽ എന്തൊക്കെ വിവരങ്ങൾ എഴുതി?

തുടക്കവും ഒടുക്കവും എങ്ങനെ?

വാക്യങ്ങളുടെ ക്രമം എങ്ങനെ?

ആശയ വ്യക്തതയോടെ എഴുതിയോ?

എന്നിങ്ങനെ ചോദ്യങ്ങൾ ചോദിച്ച് ചർച്ച ചെയ്യാം. കുറിപ്പ് എന്ന വ്യവഹാര രൂപത്തിന് പ്രാധാന്യം നൽകണം.

**വേഗത്തിൽ പറയാം**

കുട്ടികൾ ചൊല്ലി രസിക്കട്ടെ. മത്സരം സംഘടിപ്പിക്കണം.

പാഠം 14

# കരയുന്ന കുഞ്ഞുങ്ങൾ

*നന്മയും സൽസ്വഭാവവും ജീവിത വിശുദ്ധിയുമെല്ലാം കുഞ്ഞുനാൾ മുതൽ തന്നെ ശീലിക്കേണ്ടതുണ്ട്. ഇത്തരം ശീലങ്ങളിലേക്കും ചിന്തകളിലേക്കും കുട്ടികളെ നയിക്കാൻ നന്മയുടെ കഥകൾക്ക് സാധിക്കും. ലോക ചരിത്രത്തിൽ തന്നെ സമാനതകളില്ലാത്ത വ്യക്തിത്വമായിരുന്നു ഖലീഫ ഉമറിന്റേത്. ഒരു ഭരണാധികാരിക്ക് എത്രമാത്രം ജനസേവകനാവാമെന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണം കൂടിയാണ് അദ്ദേഹം. ഭാഷാപരമായ വസ്തുതകളും പ്രയോഗങ്ങളും മറ്റും പരിചയപ്പെടുന്നതിനൊപ്പം ഈ കഥ നൽകുന്ന നന്മയുടെ സന്ദേശം കൂടി കുട്ടികളിലേക്കെത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും ചർച്ചകളും പാഠഭാഗത്തെ അടിസ്ഥാനമാക്കി ക്ലാസിൽ നടത്താൻ ശ്രമിക്കുമല്ലോ.*

### നേടേണ്ട ശേഷികൾ/കഴിവുകൾ

- ജീവിത കഥകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- പ്രയാസങ്ങൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നന്മ നിറഞ്ഞ കാര്യമാണ്.
- നമുക്ക് നന്മകൾ/സഹായങ്ങൽ ചെയ്യുന്നവരോട് നന്ദി പറയൽ നമ്മുടെ ബാധ്യതയാണ്.
- സന്ദർഭത്തിന് അനുയോജ്യമായ തരത്തിൽ സംഭാഷണങ്ങൽ തയ്യാറാക്കുന്നതിന്.
- സഹായം ചെയ്തവരോട് വാചികമായും ലിഖിതമായും കൃതജ്ഞത അറിയിക്കുന്നതിന്
- ലേഖനത്തിലും ഭാഷണത്തിലും ഉചിതമായ ഭാഷാ പ്രയോഗങ്ങൾ സ്വീകരിക്കുന്നതിന്.
- നിർദ്ദിഷ്ട പദങ്ങൾ ഉൾപ്പെടുത്തി സ്വന്തമായി വാക്യങ്ങൾ എഴുതുന്നതിന്.

### പാഠഭാഗത്തേക്ക്

അശരണർക്ക് സഹായം ചെയ്യുന്നതോ നന്മയുടെ സന്ദേശം നൽകുന്നതോ ആയ ഒരു കഥ ടീച്ചർ ക്ലാസിൽ പറഞ്ഞു കൊണ്ട് തുടങ്ങാം.

കഥയെക്കുറിച്ച് ലഘു ചർച്ചയുമാവാം.

ഇതുപോലുള്ള ഒരു സംഭവ കഥ കൂടി പരിചയപ്പെടാനായി പാഠപുസ്തകത്തിലേക്ക്.

കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കട്ടെ.

വായനക്കു ശേഷം ലഘു ചർച്ചയാവാം

ആരുടെ കഥയാണിവിടെ?

എന്തിനാണ് കുട്ടികൾ കരഞ്ഞത്?

ചർച്ചക്ക് ശേഷം ടീച്ചർ പാഠഭാഗം വായിച്ച് അവതരിപ്പിക്കുന്നു.

### ഉത്തരം പറായം, എഴുതാം

ചോദ്യങ്ങൾ ഓരോന്നായി ടീച്ചർ അവതരിപ്പിക്കുന്നു. കുട്ടികൾ പാഠഭാഗം വായിച്ച് ഉത്തരം കണ്ടെത്തി പറയട്ടെ. ചർച്ചയ്ക്കു ശേഷം എഴുതാൻ അവസരം നൽകാം. പരിശോധിച്ച് തെറ്റുകൾ തിരുത്താൻ സഹായിക്കുമല്ലോ.

**പദങ്ങളുടെ അർത്ഥം വരച്ചു ചേർക്കാം**

പാഠഭാഗം വായിച്ച് സന്ദർഭങ്ങളിൽ നിന്ന് അർത്ഥം ഊഹിച്ച് കുട്ടികൾ വ്യക്തിഗതമായി പ്രവർത്തനം ചെയ്യട്ടെ. ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് തെറ്റുകൾ തിരുത്തട്ടെ.

**മാതൃക പോലെ എഴുതുക**

ഒറ്റ പദങ്ങളാക്കി എഴുതാനുള്ള പ്രവർത്തനം മുൻപാഠങ്ങളിലും കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കാം. കൂടുതൽ പദങ്ങൾ അവർ വ്യക്തിഗതമായി കണ്ടെത്തി ചെയ്യട്ടെ. ക്ലാസിൽ അവതരണത്തിനും മെച്ചപ്പെടുത്താനും അവസരം ഒരുക്കണേ.

**കൂട്ടക്ഷരങ്ങൾ വരുന്ന പദങ്ങൾ എഴുതാം (വർക്ക്ബുക്ക്)**

പാഠഭാഗത്ത് വന്ന പദങ്ങൾക്കു പുറമെ മറ്റു പദങ്ങളും ശേഖരിച്ചെഴുതട്ടെ. പരസ്പരം കൈമാറിയും ഗ്രൂപ്പിൽ പങ്കുവെച്ചും കൂടുതൽ പദങ്ങൾ പരിചയപ്പെടാൻ അവസരം നൽകണം.

കുട്ടികൾ ശേഖരിച്ച പദങ്ങൾ ക്ലാസിൽ ചാർട്ട് ചെയ്യുകയും വായിക്കാൻ അവസരം ഒരുക്കുകയും ചെയ്യാം.

**കളത്തിലെ പദങ്ങൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കൂ. (വർക്ക്ബുക്ക്)**

പരമാവധി വാക്യങ്ങൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ.

ക്ലാസിൽ പൊതു അവതരണമാവാം

വാക്യങ്ങൾ പരിശോധിച്ച് തെറ്റുകൾ തിരുത്താൻ സഹായിക്കുമല്ലോ.

**താഴെ കാണുന്ന പദങ്ങൾ വരുന്ന വാക്യങ്ങൾ എഴുതി നോക്കു (വർക്ക്ബുക്ക്)**

പാഠഭാഗത്തിൽ പരിചയപ്പെട്ട പുതിയ പദങ്ങൾ  സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് അവസരം ലഭിക്കും. ഓരോ പദവും ചേർത്ത് അവർ തയ്യാറാക്കിയ വ്യത്യസ്ത വാക്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കട്ടെ. പരിശോധിച്ച് മെച്ചപ്പെടുത്താനും തെറ്റുകൾ തിരുത്താനും സഹായിക്കണേ.

**സംഭാഷണം എഴുതാം**

അമ്മയും മക്കളും തമ്മിലുള്ള സംഭാഷണം എന്തായിരിക്കുമെന്ന് ക്ലാസിൽ ചർച്ചയാവാം. സംഭാഷണം കുട്ടികൾ പറയട്ടെ. തുടർന്ന് എഴുതി അവതരിപ്പിക്കട്ടെ. പരിശോധിച്ച് തെറ്റുകൾ തിരുത്താൻ വർക്ക്ബുക്കിൽ നൽകിയ സംഭാഷണ പ്രവർത്തനവും  ഇതിന്റെ തുടർച്ചയായി നൽകാം. സംഭാഷണം ജോഡികളായി അവതരിപ്പിക്കാനും അവസരം നൽകാം.

**ഊഹിച്ചെഴുതാം**

ഉമ്മ ഖലീഫയോട് നന്ദി പറയുന്നത് എങ്ങനെയാവുമെന്ന് ക്ലാസിൽ ചർച്ച ചെയ്യാം. കുട്ടികൾ പറയട്ടെ. ആവശ്യമായ ഇടപെടലുകളും കൂട്ടിച്ചേർക്കലുകളും ടീച്ചർ നടത്തുമല്ലോ. തുടർന്ന് അവർക്ക് എഴുതാൻ അവസരം നൽകാം. അവതരണവും മെച്ചപ്പെടുത്തലും നടത്തുമല്ലോ.

**നന്ദി പറയാം**

വിവിധ സന്ദർഭങ്ങൾ ക്ലാസിൽ സൃഷ്ടിച്ച് സഹായം ചെയ്തവർക്ക് നന്ദി പറയുന്ന രംഗങ്ങൾ അവതരിപ്പിക്കാം.

പാഠപുസ്തകത്തിൽ സൂചിപ്പിച്ച സന്ദർഭങ്ങൾക്കു പുറമെ മറ്റു സംഭവങ്ങളും സൃഷ്ടിക്കാം.

ഇത്തരം സന്ദർഭങ്ങളിൽ നന്ദി പറയുന്നത് ജീവിത ശീലമാക്കുന്നതിനുള്ള ചിന്തയുണർത്തുന്ന തരത്തിൽ പ്രവർത്തനം നടത്തുമല്ലോ.

അവതരണത്തിനു ശേഷം അവർ വ്യക്തിഗതമായി എഴുതട്ടെ. പരിശോധിച്ച് തെറ്റുകൾ തിരുത്തുവാൻ സഹായിക്കുമല്ലോ.

**കഥ അറിയാം, പറയാം**

ഖലീഫ ഉമറിന്റെ ജീവിതത്തിലെ വിവിധ സംഭവങ്ങളുമായി ബന്ധപ്പെട്ട കഥകളുൾക്കൊള്ളുന്ന പുസ്തകങ്ങൾ ക്ലാസിൽ ലഭ്യമാക്കാം.

കുട്ടികൾ ശേഖരിക്കുന്ന കഥകൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകണേ.

**സമാന പ്രയോഗങ്ങൾ എഴുതുക**

കൂടുതൽ ഉദാഹരണങ്ങൾ നൽകാം.

കുട്ടികൾ ശേഖരിക്കുന്നവ ക്ലാസിൽ പൊതുവായി അവതരിപ്പിക്കട്ടെ.

ലേഖനത്തിലെ പിശകുകൾ തിരുത്താൻ സഹായിക്കണേ.

**ഉത്തരം എഴുതുക (വർക്ക്ബുക്ക്)**

ഉത്തരങ്ങൾ കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. ക്ലാസിൽ അവതരിപ്പിക്കുന്നതിനും ചർച്ചയിലൂടെ മെച്ചപ്പെടുത്തുന്നതിനും അവസരം ഒരുക്കണം.

### പാഠം 15

## എന്റെ കഥ

*ആത്മകഥാ രൂപത്തിലുള്ള ഒരു പാഠഭാഗമാണിത്. കുട്ടികൾക്ക് ആത്മകഥ എന്ന ഭാഷാരൂപം പരിചയപ്പെടുത്തുന്നതിനും പരിചിതമായ വസ്തുക്കളുടെ ആത്മകഥകൾ തയ്യാറാക്കുന്നതിനുമുള്ള അവസരം ഈ പാഠഭാഗത്തിലൂടെ ലഭിക്കും. കുട്ടികൾക്ക് സുപരിചിതമായ ബെഞ്ചാണ് ഇവിടെ കഥ പറയുന്നത്. ഇതുപോലെ അവർക്ക് പരിചിതമായ ഇതര വസ്തുക്കളുടെ കഥകൾ കൂടി ആലോചിക്കാനും പറയാനും പാഠഭാഗം അവർക്ക് പ്രചോദനമാകട്ടെ. നിരവധി കൂട്ടക്ഷരങ്ങളും ഇരട്ട അക്ഷരങ്ങളും ചേർന്നു വരുന്ന പദങ്ങളും ഈ പാഠഭാഗത്ത് വരുന്നുണ്ട്. ഈ അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള അവസരങ്ങൾ കൂടി ക്ലാസിൽ ഒരുക്കാം.*

### നേടേണ്ട കഴിവുകൾ

- ആത്മകഥകൾ വായിച്ചും കേട്ടും ആശയം ഗ്രഹിക്കുന്നതിന്.
- അക്ഷര ശുദ്ധിയോടെ ഭാവം ഉൾകൊണ്ട് വായിക്കുന്നതിന്.
- പരിചിതമായ വസ്തുക്കൾ, സ്ഥലങ്ങൾ തുടങ്ങിയവയെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നതിന്.
- ലഘു ആത്മകഥകൾ തയ്യാറാക്കുന്നതിന്.
- കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തുന്നതിനും പുതിയ കടങ്കഥകൾ നിർമ്മിക്കുന്നതിനും.
- അനുയോജ്യമായ പദങ്ങൾ ചേർത്ത് വാക്യങ്ങൾ എഴുതുന്നതിനും വിപുലീകരിക്കുന്നതിനും.
- ചർച്ചകളിൽ പങ്കെടുത്ത് സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിന്.

### പാഠഭാഗത്തേക്ക്

കുട്ടികൾക്ക് സ്വന്തം കഥ പറയാൻ (തന്നെക്കുറിച്ച്) അവസരം നൽകിക്കൊണ്ട് തുടങ്ങാം. മാതൃക ആവശ്യമെങ്കിൽ ടീച്ചർക്ക് തന്നെക്കുറിച്ച് ആദ്യം പറയാം.

കുട്ടികൾ അവരെക്കുറിച്ച് സ്വതന്ത്രമായി പറയട്ടെ.

ഇനി മറ്റൊരാളുടെ കഥാ പുസ്തകത്തിൽ നിന്ന് പരിചയപ്പെടാം.

കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കട്ടെ. വായനയിൽ പ്രയാസം നേരിടുന്നവരെ കണ്ടെത്തി സഹായിക്കണേ.

വ്യക്തിഗത വായനക്കു ശേഷം ലഘുചർച്ചയാവാം.

ആരാണ് ഇവിടെ തന്റെ കഥ പറയുന്നത്?

ചർച്ചയ്ക്കു ശേഷം ടീച്ചർക്ക് പാഠഭാഗം ഭാവാത്മകമായി അവതരിപ്പിക്കാം.

### ഉത്തരം കണ്ടെത്താം, എഴുതാം

ആശയ ഗ്രഹണത്തിന് സഹായകമായ ചോദ്യങ്ങൾ ഓരോന്നായി ടീച്ചർ അവതരിപ്പിക്കുന്നു. കുട്ടികൾ പാഠഭാഗം വായിച്ച് ഉത്തരം കണ്ടെത്തി പറയട്ടെ. മുഴുവൻ ചോദ്യങ്ങളും അവതരിപ്പിച്ച് ഉത്തരങ്ങൾ ചർച്ച ചെയ്ത ശേഷം കുട്ടികൾക്ക് എഴുതാൻ അവസരം നൽകാം.

**അർത്ഥം കണ്ടെത്താം**

പ്രയാസകരമായ പദങ്ങളുടെ അർത്ഥം പരിചയപ്പെടുന്നതിനുള്ള പ്രവർത്തനമാണിത്.

കുട്ടികൾ പാഠഭാഗം വായിച്ച് നിർദ്ദിഷ്ട പദങ്ങളുടെ അർത്ഥം സന്ദർഭത്തിൽ നിന്ന് ഊഹിച്ചെഴുതട്ടെ.

ഊഹിച്ചെഴുതിയവ പൊതുവായി അവതരിപ്പിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തട്ടെ. ആവശ്യമായ ഘട്ടങ്ങളിൽ ടീച്ചർക്ക് ഇടപെടുകയും ശരിയായ പദങ്ങൾ എഴുതാൻ സഹായിക്കുകയും ചെയ്യാമല്ലോ.

**ശരിയോ തെറ്റോ?**

കുട്ടികൾ വായിച്ച് ആശയം ഗ്രഹിച്ചുവോ എന്ന് പരിശോധിക്കാൻ സഹായകമായ പ്രവർത്തനമാണിത്. കുട്ടികൾ വാക്യങ്ങൾ വായിച്ച് വ്യക്തിഗതമായി അടയാളപ്പെടുത്തട്ടെ. ആവശ്യമെങ്കിൽ വീണ്ടും കഥയിലൂടെ കടന്നു പോയി ഉറപ്പു വരുത്തട്ടെ.

**പദങ്ങൾ എഴുതാം**

കൂട്ടക്ഷരങ്ങൾ ഉറപ്പിക്കുന്നതിനും അവ വരുന്ന കൂടുതൽ പദങ്ങൾ പരിചയപ്പെടുന്നതിനുമുള്ള പ്രവർത്തനമാണിത്.

ശേഖരിച്ചെഴുതുന്ന പദങ്ങൾ ക്ലാസിൽ വായിക്കുന്നതിനുള്ള അവസരം കൂടി ഒരുക്കി ഉച്ചാരണവും മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ. പദങ്ങൾ ചാർട്ടിൽ ലിസ്റ്റ് ചെയ്ത് വായിക്കാൻ അവസരമൊരുക്കാം.

**മാതൃകപോലെ എഴുതുക (വർക്ക്ബുക്ക്)**

കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. പൊതുവായി അവതരിപ്പിച്ചും പരിശോധിച്ചും തെറ്റുകൾ തിരുത്താൻ സഹായിക്കുമല്ലോ.

**കാട് ചേർത്ത് എത്ര പദങ്ങൾ (വർക്ക്ബുക്ക്)**

ഏതാനും പദങ്ങൾ ഉദഹാരണങ്ങളായി അവതരിപ്പിക്കാം.

കൂടുതൽ പദങ്ങൾ കുട്ടികൾ ശേഖരിക്കട്ടെ. കൈമാറി പരിശോധിച്ചും ഗ്രൂപ്പിലവതരിപ്പിച്ചും മെച്ചപ്പെടുത്തട്ടെ.

പൊതു അവതരണവും ലിസ്റ്റ് ചെയ്യലും ചർച്ചയുമാവാം.

**വാക്യങ്ങൾ നിർമിക്കാം - കുറിപ്പ് തയ്യാറാക്കാം**

സൂചനകളുടെ സഹായത്തോടെ വാക്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനമാണിത്. ഒന്നോ രണ്ടോ വാക്യങ്ങൾ ക്ലാസിൽ പൊതുവായി നിർമ്മിക്കാം. തുടർന്നുള്ളവ കുട്ടികൾ വ്യക്തിഗതകമായി എഴുതി വായിച്ചവതരിപ്പിക്കട്ടെ.

വാക്യങ്ങളെക്കുറിച്ച് ലഘു ചർച്ചയുമാവാം. ഈ ചർച്ച അവർ സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കാൻ സഹായിക്കും. ഇങ്ങനെ നിർമ്മിക്കുന്ന വാക്യങ്ങൾ കൂടി ചേർത്ത് കുറിപ്പ് തയ്യാറാക്കട്ടെ.

ആശയങ്ങൾ ക്രമീകരിച്ചെഴുതുന്നതിനും മറ്റുമുള്ള നിർദ്ദേശങ്ങൾ ചർച്ചയിലൂടെ നൽകുമല്ലോ.

**പദങ്ങൾ കൂട്ടിച്ചേർത്തെഴുതൂ (വർക്കുബുക്ക്)**

പദങ്ങൾ ചേർത്ത് അർത്ഥപൂർണമായ വാക്യങ്ങൾ നിർമ്മിക്കുന്നതിനും വിശേഷണങ്ങളും മറ്റും ചേർത്ത് വാക്യങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള പരിശീലനം ഇത്തരം പ്രവർത്തനങ്ങളിലൂടെ ലഭിക്കും.

മാതൃകയായി നൽകിയ വാക്യത്തിലേതു പോലെ അടുത്ത വാക്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കട്ടെ. വായിച്ച് അവതരിപ്പിക്കുന്നതിനും ആവശ്യമെങ്കിൽ മെച്ചപ്പെടുത്തുന്നതിനും ടീച്ചർ സഹായിക്കുമല്ലോ.

**ഇരട്ട അക്ഷരങ്ങൾ മാറ്റി വാക്യം ശരിയാക്കുമോ?**

എഴുത്തിൽ പല കട്ടികളും ഉചിതമല്ലാത്ത തരത്തിൽ ഇരട്ടിച്ച് ഉപയോഗിക്കാറുണ്ട്. ഇത്തരം തെറ്റുകൾ അവർ തിരിച്ചറിയേണ്ടതുണ്ട്. ഈ പ്രവർത്തനത്തിലെ ഓരോ വാക്യവും ക്ലാസിൽ ചർച്ച ചെയ്യപ്പെടണം. അനാവശ്യമായ ഇടങ്ങളിൽ ഇരട്ടിച്ച് വരുമ്പോഴുണ്ടാകുന്ന അർത്ഥവ്യത്യാസവും ശ്രദ്ധയിൽ പെടുത്തുമല്ലോ.

ഉദാ: അട – അട്ട
കൊതി – കൊത്തി
ഒരുമ – ഒരുമ്മ
കുട്ടികൾ വ്യക്തിഗതമായി വാക്യം മാറ്റി എഴുതട്ടെ. ക്ലാസിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

**മാതൃകപോലെ എഴുതാം (വർക്ക്ബുക്ക്)**

വിഗ്രഹിച്ചു പറഞ്ഞ പദങ്ങളെ ഒറ്റപ്പദങ്ങളാക്കി എഴുതാനുള്ള പ്രവർത്തനമാണ്. വ്യക്തിഗതമായി ചെയ്യട്ടെ. അവതരണത്തിന് അവസരം നൽകാം. പരിശോധിച്ച് തെറ്റുകൾ തിരുത്താൻ സഹായിക്കുമല്ലോ.

**വാക്യം മാറ്റി എഴുതാം**

സർവനാമങ്ങൾ ഭാഷണത്തിലും ലേഖനത്തിലും ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് സഹായകമായ പ്രവർത്തനമാണിത്. അടിവരയിട്ട പദങ്ങൾക്ക് പകരം കളങ്ങളിലെ സർവ നാമങ്ങൾ ചേർത്ത് കുട്ടികൽ വാക്യം പറയട്ടെ, തുടർന്ന് എഴുതട്ടെ.

> പാഠപുസ്തകത്തിൽ നൽകിയ ഖണ്ഡികയിലെ മൂന്നാമത്തെ വാക്യത്തിന്റെ തുടക്കത്തിലുള്ള 'ബഷീർ' എന്ന പേരിനടിയിലാണ് അടിവരയിട്ടത്. ഇത് മാറ്റി നാലാമത്തെ വാക്യത്തിന്റെ തുടക്കത്തിലുള്ള പേരിനടിയിൽ വരക്കാൻ നിർദ്ദേശിക്കുമല്ലോ.

വ്യക്തിഗത രചനക്ക് നിർദ്ദേശിക്കുന്നതിനു മുമ്പ് ചില സന്ദർഭങ്ങളോ വാക്യങ്ങളോ ക്ലാസിൽ നൽകി സർവ നാങ്ങൾ ചേർത്ത് പറയാൻ സഹായിക്കാം.

എഴുതിയ വാക്യങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്താൻ അവസരം നൽകണേ.

**അക്ഷരങ്ങൾ ഇരട്ടിപ്പിച്ച് വാക്യം ശരിയാക്കുക**

ആദ്യം ഇരട്ടിപ്പിച്ചു ചേർത്ത് പറയാൻ അവസരം നൽകാം.
തുടർന്ന് വ്യക്തിഗതമായി എഴുതി അവതരിപ്പിക്കട്ടെ.

**സ്വന്തം കഥ എഴുതാം**

കുട്ടികൾക്ക് വളരെ പരിചിതമായ ഏതെങ്കിലും ഒരു വസ്തുവിനെക്കുറിച്ച് ക്ലാസിൽ പൊതു ചർച്ചയാവാം.
(ജനനം, വളർച്ച, ജീവിതത്തിലെ പ്രധാന മാറ്റങ്ങൾ)

തുടർന്ന് പാഠപുസ്തകത്തിൽ നൽകിയവയിൽ ഏതെങ്കിലും ഒന്നിന്റെ കഥ വ്യക്തിഗതമായി എഴുതട്ടെ.

ഗ്രൂപ്പിലും ക്ലാസിലും അവതരിപ്പിച്ച് തെറ്റുകൾ തിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും അവസരമൊരുക്കാം. രചനകൾ ചേർത്ത് ആത്മകഥാ പതിപ്പും തയ്യാറാക്കാം.

**ചർച്ച ചെയ്ത് ഉത്തരമെഴുതുക**

ഇവിടെ നൽകിയ ചോദ്യങ്ങൾ ഓരോന്നായി ക്ലാസിൽ ടീച്ചർ അവതരിപ്പിക്കണം. കുട്ടികൾ സ്വതന്ത്രമായി അവരുടെ അഭിപ്രായങ്ങൾ പറയട്ടെ. പരമാവധി കുട്ടികൾക്ക് ചർച്ചയിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ പറയാൻ അവസരങ്ങൾ നൽകണേ. മികച്ച അഭിപ്രായങ്ങൾ ചേർത്ത് പൊതു ക്രോഡീകരണം നടത്തുമല്ലോ. ചർച്ചയ്ക്കു ശേഷം കുട്ടികൾ വ്യക്തിഗതമായി എഴുതി അവതരിപ്പിക്കട്ടെ. പരിശോധിച്ച് തെറ്റുകൾ തിരുത്താൻ സഹായിക്കുമല്ലോ.

**കടങ്കഥകൾക്ക് ഉത്തരം കണ്ടെത്താം – കടങ്കഥ നിർമ്മിക്കാം**

നൽകിയ കടങ്കഥകൾക്ക് ഉത്തരം വ്യക്തിഗതമായി കണ്ടെത്തി പറയട്ടെ. ഓരോ കടങ്കഥയും ഉത്തരവും എങ്ങനെ യോജിക്കുന്നു എന്ന ലഘു ചർച്ചയും നടത്തുമല്ലോ.

ഇത്തരം കടങ്കഥകൾ അവർക്ക് പരിചിതമായ വസ്തുക്കളെ അടിസ്ഥാനമാക്കി വ്യക്തിഗതമായി തയ്യാ

റാക്കട്ടെ. അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

**വായിക്കാം**

പാഠഭാഗം ഭാവം ഉൾക്കൊണ്ട് ക്ലാസിൽ /ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കുന്നതിനും മികച്ച വായനക്കാരെ കണ്ടെത്തുന്നതിനുമുള്ള പ്രവർത്തനം ക്ലാസിൽ നടത്തുമല്ലോ.